# ശാംഭവി

ത്രൈമാസിക

പുസ്തകം 7 | ഒക്ടോബർ – ഡിസംബർ 2018 | ലക്കം 4



## പത്രാധിപക്കുറിപ്പ്

മനുഷ്യൻ അറിഞ്ഞും അറിയാതെയും സ്വാതന്ത്ര്യത്തിലേയ്ക്കാണ് ചരിക്കുന്നത്. എന്നാൽ ആ സ്വാതന്ത്ര്യം പുതിയ അസ്വാതന്ത്ര്യത്തിലേയ്ക്ക് നയിയ്ക്കുന്നു. കാരണം ആ സ്വാതന്ത്ര്യം ഉണ്ടായത് മനസ്സിലല്ല. വ്യവസ്ഥിതിയ്ക്ക് മാറ്റം നിർബന്ധപൂർവ്വം ഉണ്ടാക്കിയിട്ട് കാര്യമില്ല. മാറ്റം ഉണ്ടാകേണ്ടത് മനസ്സിലാണ്. അതു ഉണ്ടായാലേ പുറമേയും അതു അനുഭവിയ്ക്കാൻ പറ്റു.

സ്വതന്ത്രമായ മനസ്സിൽനിന്നേ നല്ല പ്രവൃത്തികളും ഉദാരചിന്തതയും ഉടലെടുക്കൂ. ഉദാരമായ മനസ്സിനെ കുറിച്ചുള്ള സങ്കല്പം ഇവിടെ ഉണ്ടായിട്ടുണ്ട്.

വസുധൈവ കുടുംബകം, ആത്മവത് സർവഭൂതേഷു ഇത്യാദികൾ.

മനസ്സിന്റെ ഈ മാറ്റത്തിന് വേണ്ടീട്ടായിരിക്കണം വിദ്യാഭ്യാസം. മനുഷ്യന്റെ വിദ്യാഭ്യാസം പ്രഥമവിദ്യാലയമായ വീട്ടിൽ നിന്നാണ് തുടങ്ങേണ്ടത്. വ്യക്തിശുചിത്വം (ശരീരം,മനസ്സ്, കർമ്മം) ശീലിച്ചാണ് ഒരുവൻ സ്കൂളിൽ എത്തിച്ചേരേണ്ടത്. ഇന്നിപ്പോൾ ഒരേ പാത്രത്തിൽനിന്ന് എന്നു മാത്രമല്ല പരസ്പരം ആൺ പെൺ വ്യത്യാസമില്ലതെ ഭക്ഷണം വായിൽ കൊടുത്തുകൊണ്ട് കഴിയ്ക്കുന്നു. ഭക്ഷണം (cake) മറ്റൊരാളുടെ മുഖത്ത് തേയ്ക്കുന്നതുപോലും ഒരാചാരമായി മാറിക്കൊണ്ടിരിക്കുന്നു. ടീച്ചേഴ്സിന് മാറ്റാൻ കഴിയാത്ത ഇയ്യൊരു സംസ്കാരാഭാസത്തിൽനിന്ന് ഉദാരമനസ്കരുടെ ഒരു ലോകം ഉണ്ടാകുകയില്ല. ഒരോരുത്തരുടെയും ശരീരേന്ദ്രിയമനസ്സാത്മാക്കൾ വ്യത്യാസപ്പെട്ടിരിക്കുന്നതുകൊണ്ട് ഒരോരുത്തരും അനുപമരും (unique) പ്രധാനപ്പെട്ടവരാണെന്നും കണ്ടുകൊണ്ടുള്ള വിദ്യാഭ്യാസത്തിനു മാത്രമേ ഉദാരമനസ്കരുടെ ഒരു ലോകം സൃഷ്ടിക്കാനും ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാനുള്ള കരുത്തും കഴിവും വളർത്താനും സാധിക്കൂ. മനുഷ്യവിചാരങ്ങളേക്കാൾ വികാരങ്ങളെ മാനിക്കാനും നിയന്ത്രണവിധേയമാക്കാനും പഠിപ്പിക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതി കുടുംബത്തിലും വിദ്യാലയത്തിലും നടപ്പിലാക്കാൻ കഴിവുള്ളതും ഇച്ഛാശക്തിയുള്ളതുമായ ഒരു സർക്കാർ ഇവിടെ വരുമെന്ന് പ്രതീക്ഷിക്കുന്നു.

പുസ്തകം 7 ലക്കം 4
ഒക്ടോബർ - ഡിസംബർ 2018

വരിസംഖ്യ സൗജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. രുദ്രാർഥസാരസ്തവഃ

2

2. സംസ്കൃതപഠനം (36)

5

3. ഭഗവദ്ഗീതാ - ഒരു പുനർവായന (16)

10

4. കാശ്മീര ശൈവസമ്പ്രദായം (5)

13

5. ഔഷധസസ്യങ്ങൾ (23)
വെള്ളില

17

6. കുട്ടികളുടെ വാല്മീകിരാമായണം (17)

18

7. ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (2)

20

8. ശിവസ്തോത്രാവലി (4)

21

9. പരമാർത്ഥസാരം (4)

24

8. മുദ്രകളുടെ സ്വകാര്യത
വിഷ്ണുസംഹിതയിൽ

28

7. ലളിതാസഹസ്രനാമം (26)

31

# രുദ്രാർഥസാരസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

*31. ശീഘ്രവ്യാപിപദാതയേ ലഘുരഥശ്രേഷ്ഠായ ശൂരായ തേ
ശത്രൂണാമവഭിന്ദതേ നമ ഇദം സംബിഭ്രതേ കഞ്ചുകം
സൂതപ്രാവരണസ്ഥലായ ച ശിരസ്ത്രാണായ തുഭ്യം നമ-
ശ്ചാഗുൽഫാസിതകഞ്ചുകായ ച നമോ വിഖ്യാതസേനായ തേ*

*32. ഗർജദ്ദുന്ദുഭിവാദ്യജായ ച നമസ്തത്താഡനോഥസ്ഥരദ്
ധ്വന്യാകാരശരീരിണേ രിപുതിരസ്കാരേഷു ദക്ഷായ ച
തുഭ്യം സർവവിചാരകായ ച നമഃ സന്ദേശഹന്ത്രേ നമഃ
സർവേഷാമുപകാരിണേ നമ ഇദം തീക്ഷ്ണേഷവേ തേ നമഃ*

*33. കോദണ്ഡായ ശുഭായുധായ ച നമഃ ക്ഷുദ്രാധ്വജായാഖില-
പ്രഖ്യാതാധ്വനി സംഭവായ ച നമോ ലിംഗാത്മനേ തേ നമഃ
നീപസ്ഥായ സുവാരികർദമഭുവേ തേ കൃത്രിമോദാശയേ
സംഭൃതായ നദീഭവായ ച നമസ്തേ പല്വലസ്ഥായ ച*

*34. കൂപാന്തർജനനായ ഗർതജനുഷേ വർഷോദ്ഭവായാനതിഃ
സിന്ധുസ്ഥായ നമോ ബലാഹകഭുവേ സൗദാമിനീജായ ച
ഭാസ്വച്ഛാരദമേഘജായ ച നമഃ സ്ഫീതാതപസ്ഥായ തേ
വാത്യായാസ്തു നിദാഘജായ ഗൃഹിണേ തേ വാസ്തുപായാനതിഃ*

*35. ശർവാണീസഹിതായ ശം വിദധതേ രക്തായ താമ്രായ തേ
സൗഖ്യം പ്രാപയതേ നമോ ഭയകൃതഃ ശിക്ഷാം വിധാത്രേ നമഃ
ഭീതിം കല്പയതേ നമോസ്ത്വഭിമുഖം ഹന്ത്രേ നമോ ദൂരതോ
ഹന്ത്രേ ച പ്രണതിഃ സുരാവനിസുരദ്വിഡ്ബൃന്ദഹന്ത്രേ നമഃ*

*36. ബ്രഹ്മദ്വിട് പ്രവിനാശകായ ച നമോ വൃക്ഷരൂപയ തേ
സംസാരാംബുധിതാരകായ ച നമഃ സൗഖ്യപ്രദാത്രേ നമഃ
സദ്യഃ സ്വർഗസുഖപ്രദായ ച നമഃ സൗഖ്യപ്രദായാനതിഃ
സ്വർഗീയാതിസുഖപ്രദായ ച ശിവം കർത്രേ/തിരുദ്രായ ച*

*37. ഗംഗാദിപ്രഭവായ തേ നമ ഇദം തത്തീരജായാനതിഃ
പാരസ്ഥായ നമോ/സ്ത്വപരാജനുഷേ രുദ്രായ തുഭ്യം നമഃ*

*സംസാരാഖ്യമഹാസമുദ്രതരണേ ഹേതുസ്വരൂപായ തേ*
*സംസാരാംബുനിധൗ നിമഗ്നസുജനസ്യോത്താരണേ ഹേതവേ*

38. *തീരം പ്രാപ്യ ഭവാംബുധേഃ പുനരപി വ്യാവർതനം മോഹതേ*
*യത് തത്സ്ഥായ ച നാകലോകജനുഷേ തുഭ്യം പ്രണാമോഽസ്തു മേ*
*ഘാസേഷു പ്രഭവായ തേ നമ ഇദം ഫേനേഷു സംസ്ഥായിനേ*
*സർവാസു പ്രഭവായ മഞ്ജുസികതാസ്വസ്തു പ്രവാഹ്യായ ച*

39. *രുദ്രായോഷരഭൂമിജായ ച നമഃ സന്മാർഗജായാനതിഃ*
*സ്തുഭ്യം ക്ഷുദ്രശിലാതലായ ച നമഃ പാന്ഥപ്രവസായ തേ*
*ചഞ്ചച്ചന്ദ്രകപർദിനേ ച പുരതഃ സർവത്ര സംതിഷ്ഠതേ*
*ഗോഷ്ഠസ്ഥായ നമോഽസ്തു തേ ഗൃഹഭുവേ ഖട്വാദിജായാനതിഃ*

40. *പ്രാസാദേഷു ഭവായ തേ നമ ഇദം കാട്യായ ചാദ്രേർഗുഹാ-*
*മധ്യസ്ഥായ ഹൃദി സ്ഥിതായ ച നമോ നീഹാരജായനതിഃ*
*പാംസുസ്ഥായ നമോ രജസ്യപി പുനർജാതായ ശുഷ്ക്യായ തേ*
*ദിക്സംസ്ഥായ ച കർകശസ്ഥലഭുവേ ഘാസസ്ഥലസ്ഥായ ച*

41. *ക്ഷോണീജായ നമോഽസ്തു തേ ബിലഭുവേ പർണേ ഭവായാനതിഃ*
*ശുഷ്കീഭൂതതരുഷ്വപി സ്ഥിതിമതേ രുദ്രായ തുഭ്യം നമഃ*
*ഉദ്യമ്യായുധമുദ്യതായ ച നമോ വധ്യാൻ നമോ ഹിംസതേ*
*സ്വല്പം ഖേദയതേ നമോഽസ്തു ജഗതാം ഖേദപ്രദാത്രേ നമഃ*

42. *യേ ദേവാ രവിതാരകേന്ദുസഹിതം ലോകാന്തരം കുർവതേ*
*ദേവാനാം ഹൃദി രക്ഷണായ ജഗതാം തിഷ്ഠന്തി യേ സംസ്ഥിതാഃ*
*തേഭ്യോ വോസ്തു നമഃ പുനർഭയകരവ്യാധ്യാദിഹിംസാം ച വഃ*
*കുർവദ്ഭ്യോ ജഗതാം നമോ ജഗതി യേ തിഷ്ഠന്തി തേഭ്യോ നമഃ*

43. *ഏതേ ദുഷ്കൃതിനസ്ത്വിമേ സുകൃതിനശ്ചൈവം വിചിന്വന്തി യേ*
*തേഭ്യോ വോസ്തു നമഃ പുനഃ പ്രതിദിനം ഹിംസന്തി യേ പ്രാണിനഃ*
*തേഭ്യോ വോസ്തു നമഃ പുനശ്ച പരിതോ ഭിന്ദന്തി ലോകാംശ്ചയേ*
*തേഭ്യോ വോസ്തു നമോ നമോ ബഹുമതേഭ്യശ്ചാമരേഭ്യോ നമഃ*

44. *ലോകാനാം കുഗതിപ്രകല്പക നിരാധാരർധനാരീശ്വര*
*ത്വം മേ പുത്രകളത്രമിത്രജനകാദീനാം പശൂനാമപി*
*ഏഷാം ഭീഷയഥാ ന കിഞ്ചിദപി മാ ചാർഷീരിമാംസ്ത്വം വിഭോ*
*മാ ഹിംസീത് ത്വദനുഗ്രഹേണ നിഖിലവ്യാധ്യാദികം ചാപി താൻ*

*45. യാ തേ രുദ്ര ശിവാ തനൂഃ സുഖകരീ വിശ്വേഷ്വഹഃസ്വാദരാദ്*
*രുദ്രസ്യേവ സുഖപ്രദാ ശിവതമാ ശാന്താ തയാ നോ മൃഡ*
*വർതന്തേ സമുപാശ്രിതാഃ പുരരിപും യം വീരഭദ്രാദയ-*
*സ്തസ്മൈ വൃദ്ധിമനേ ധിയം വയമിമാം പ്രോച്ചാരയാമോ/നിശം*

*46. അസ്മകം ദ്വിപദാം ചതുഷ്പദവതാമേഷാം യഥാ സ്യാത് സുഖം*
*ഗ്രാമേ/സ്മിജ്ജനപുഷ്ടിതാപി ച യഥാ സ്യാദസ്തു സർവം തഥാ*
*അസ്മാൻ പാലയ രുദ്ര കിഞ്ച ഭഗവന്നാമുഷ്മികം മേ സുഖം*
*കുർവഷ്ടാങ്ഗപുരഃസരേണ നമസാ ധീരം ഭവന്തം ഭജേ*

*47. രോഗാണാം ശമനം പ്രജാപതിരസൗ യസ്യ പ്രസാദാദഗാദ്*
*ഭീതാനാം ശമനം ച യസ്യ കൃപയാ പ്രാഗാത് പ്രഭ്രൂണാം നമഃ*
*ആജ്ഞായാം തവ താദൃശസ്യ ഭഗവൻ സംവിദ്യമാനാ വയം*
*സൃഷ്ടാവുദ്ഭവതാമനുഗ്രഹവശാന്നീരോഗതാം പ്രാപ്നുമഃ*

*48. രുദ്രാസ്മാത്പ്രപിതാമഹാദികമുത ശ്രേഷ്ഠം സുപുത്രം ച നോ*
*മാ ഹിംസീരുത നഃ ശിശും ച വൃഷഭം സന്താനദം മാ വധീഃ*
*മാ ഹിംസീഃ ശിവ മാതരം ച പിതരം കിം ച പ്രിയാം നസ്തനും*
*മാ ഹിംസീരുത നഃ കദാപി ച വിഭോ മാ രീരിഷോ മാ വധീഃ*

*49. പുത്രം സദ്ഗുണശാലിനം ബുധവരം പൗത്രം ച മാ രീരിഷോ*
*രുദ്രായൂംഷി ച നഃ പുനർമഹിഷഗോവൃന്ദാദികം മാ വധീഃ*
*അസ്മാൻ പുത്രഗവാശ്വഭാഗ്യസഹിതാൻ ത്വം മന്യുനാ സംഹിതോ*
*മാ ഹിംസീർനമസാ ഭവന്തമനിശം ഹോമേന ചാരാധയേ*

*50 ഗോപുംസാം ഹനനം കൃതസ്യ ഭവതോ യാ ക്രൂരതാ വർതതേ*
*സാ മേ ദൂരതരേസ്തു കിഞ്ച ഭവതോ യാ സൗമ്യതാ വർതതേ*
*സൈവാസ്മിന്നികടേസ്തു  പാലയ ച നോ/ധിബ്രൂഹി ദേവൈഹികം*
*ശർമാസ്മഭ്യമദഃ പ്രദേഹി ഭഗവന്നഭ്യർഹിത ത്വം സദാ*

*51. സ്തോതാരം രഥവർതിനം ച തരുണം സിംഹസ്വരൂപം തഥാ*
*ഭീമാകാരമശേഷവന്യഹനനവ്യാപാരശീലം പരം*
*ഏവം ത്വാം ഭഗവൻ സ്തവാനി സതതം ത്വം സ്തൂയമാനോ മയാ*
*സ്തോതാരം മൃഡയേഹ മാ തവ ചമൂർനിഘ്നന്തു മത്തഃ പരം*

*52. ഹേതിസ്തേ പരിതഃ പ്രവർജയതു നഃ പാപം പരേഷാം ച തേ*
*കർതുർദീപ്തിമതോസ്തി ദുർമതിരിയം സാ മാം ത്യജത്വേഹ ച*
*കിഞ്ച  ത്വം വിഗതജ്യമാകലയ മേ ചാപം ത്വദീയം പുനഃ*

*പിത്രാദീനപി പണ്ഡിതാൻ മൃഡയ ഭോസ്ത്വദ്ഭൃത്യവർഗാനപി*

53\. *ഹേ മീഢുഷ്ടമ മങ്ഗലപ്രദ വരം കല്യാണരൂപോ ഭവാൻ
അസ്മാകം സുമനാ ഭവാഥ പരമേ വൃഷേ നിധായായുധം
വൈയാഘ്രം വസനം ച സംപരിദധാനോസ്മാകമഗ്രേ ചര
ത്വം ഭൂയോപി പിനാകമാത്രഭരണം കൃത്വാ സമാഗച്ഛതാത്*

54\. *ശത്രൂണാം ഭയദാർഘലോഹിത നമസ്തേ കിഞ്ച യാ ഹേതയ
സാതാസ്ത്വഷ്ണു സഹസ്രമന്യമഭിതോ നിഘ്നന്തു മദ്വേഷിണഃ
യാ ബാഹ്വോസ്തവ ഹേതയോ ബഹുവിധാസ്തിഷ്ഠന്ത്യസംഖ്യാഃ ശിതാ
സ്താസാമീശ മുഖാനി ചാനഭിമുഖാന്യസ്മാകമാകല്പയ*

55\. *യേ രുദ്രാ ഭുവി സംഘശോ ബഹുവിധാസ്തിഷ്ഠന്തി സിന്ധൗ പുന
യേർ സംഖ്യാരഹിതാശ്ചരന്തി ദിവി യേ രുദ്രാന്തരിക്ഷേപി ച
തേഷാം ദൂരതരേ ഘന്വംഷ്യവതജ്യകാനി തിഷ്ഠന്ത്വിതി
പ്രായേണ സ്തവനപ്രണാമകരണൈഃ സംപ്രാർഥയാമോ വയം*

56\. *നീലാലങ്കൃതകംധരാഃ സിതഗളാഃ പാതാളലോകാശ്രിതാ
രുദ്രാസ്താദൃശലക്ഷണാസ്ത്രിദിവമപ്യാശ്രിത്യ തിഷ്ഠന്തി യേ
തേഷാം ദൂരതരേ ഘന്വംഷ്യവതജ്യകാനി തിഷ്ഠന്ത്വിതി
പ്രായേണ സ്തവനപ്രണാമകരണൈഃ സംപ്രാർഥയാമോ വയം*

---

# സംസ്കൃതപഠനം (36)

ഡി. പ്രകാശ്

ക്തവതു പ്രത്യയാന്തരൂപങ്ങളെക്കൊണ്ട് പൂരിപ്പിക്കുന്നതിനായി കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങളുടെ തുടർച്ചയായ ചില ചോദ്യങ്ങൾക്കൂടി താഴെ കൊടുക്കുന്നു.

1. त्वं ________ । (अनमः)
2. त्वं ________ । (ऐच्छः)
3. त्वं कार्यं ________ । (अकरोः)
4. युवां पत्रं ________ । (अलिखितम्)

5. युवां जनप्रतिनिधिं ________ । (अपृच्छतम्)
6. युवां श्लोकं ________ । (अपठतम्)
7. यूयं क्षीरं ________ । (अपिबत)
8. त्वं कथां ________ । (अलिखः)
9. यूयम् उत्तरं ________ । (अवदत)
10. यूयम् ________ । (अहसत)
11. यूयं चलच्चित्रं ________ । (अपश्यत)
12. वयं ________ । (अरुदाम)
13. वयं नियमम् ________ । (अपालयाम)
14. वयं पुरस्करं ________ । (अगृहणीम)
15. वयं कथाम् ________ । (अकथयाम)
16. आवां मृगम् ________ । (अरक्षाव)
17. आवां शिलाम् ________ । (अस्थापयाव)
18. आवां चित्रम् ________ । (अपश्याव)
19. अहं कलत्रम् ________ । (अमिलम्)
20. अहं कार्यम् ________ । (अकरवम्)
21. अहं देवम् ________ । (अनमम्)
22. अहं ग्रामम् ________ । (अगच्छम्)

ക്തവതു പ്രത്യയാന്തരൂപങ്ങളെകൊണ്ട് പൂരിപ്പിക്കുന്നവിധം കഴിഞ്ഞ ലക്കത്തിൽ ഉത്തരം താഴെ കൊടുക്കുന്നു.

1. गोपालः ग्रामं गतवान्।
2. भक्तः देवं नमितवान्।

3. रामः सीताम् इष्टवान्।
4. ब्रह्मा देवीं स्तुतवान्।
5. छात्राः अध्यापकं पृष्टवन्तः।
6. सिंहौ हरिणौ खादितवन्तौ।
7. भगीरथः गङ्गां नीतवान्।
8. राजा प्रजाः रक्षितवान्।
9. कालिदासः काव्यं लिखितवान्।
10. अनुयायिनः नेतारम् वदितवान्।
11. सजिवौ कार्यं कृतवन्तौ।

കർത്താവ് സ്ത്രീവാചകം ആകുമ്പോൾ ക്തവതുപ്രത്യയാന്തമായിട്ടുള്ള നാമവിശേഷണം സ്ത്രീലിംഗരൂപത്തിലാകും. അധ്യാപികാ സംഗീതം പഠിപ്പിച്ചു എന്നാണെങ്കിൽ अध्यापिका सङ्गीतं पाठितवती എന്ന്. പഠിതവാൻ എന്നതിനുപകരം പഠിതവതീ എന്ന്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കാം.

| ക്തവതു പ്രയോഗം | വർത്തമാനക്രിയ | ഭൂതകാലക്രിയ |
|---|---|---|
| १. द्रौपदी कौरवसभां प्रविष्टवती | प्रविशति | प्राविशत् |
| २. कुन्ती दुर्वाससं परिचरितवती | परिचरति | पर्यचरत् |
| ३. सीता रामेण सह वनं गतवती | गच्छति | अगच्छत् |
| ४. शकुन्तला दुष्यन्तं स्मृतवती | स्मरति | अस्मरत् |
| ५. गौरी परमेश्वरं पृष्टवती | पृच्छति | अपृच्छत् |

താഴെ ക്തവതുപ്രത്യയാന്തരൂപങ്ങളുടെ ഏകവചനരൂപങ്ങളുള്ള വാക്യങ്ങൾ എഴുതാം. അവ ബഹുവനചനത്തിൽ എഴുതുക.

1. बालिका विद्यालयस्य क्रीडाङ्कणे क्रीडितवती।
2. नारी संसदालये शब्दं कृतवती।
3. अध्यापिका कक्ष्याः चालितवती।

4. माता बालकान् भोजितवती।
5. स्वसा अनुजान् नन्दितवती।

ശത്രന്തത്തിന്റെ ദ്വിതീയാ രൂപങ്ങൾ എങ്ങനെ വാക്യത്തിൽ പ്രയോഗിക്കാം എന്ന് നോക്കാം.

पठति എന്നതിന്റെ ശത്രന്തം പ്രഥമാ पठन् എന്നാണെങ്കിൽ ദ്വിതീയാ പഠന്തം എന്നാണ്.

छात्रः काव्यं पठति। ഈ വാക്യത്തിലെ ഛാത്ര ശബ്ദത്തിന്റെ വിശേഷണമായി ശത്രന്ത ദ്വിതീയാ രൂപം पठन्तं എന്നത് വാക്യത്തിൽ പ്രയോഗിക്കുന്നത് നോക്കുക. अध्यापकः काव्यं पठन्तं छात्रं श्लाघते।
ഇതു പോലെ ഏതാനും വാക്യങ്ങൾ കൂടി പഠിക്കാം.

1. रामः पितृवाक्यपरिपालनाय वनं गच्छति। सुमित्रा वनं गच्छन्तं रामं उपदिशति।

2. शकुन्तला दुष्यन्ताय प्रेमलेखं लिखति। अनसूया प्रेमलेखं लिखन्तीं शकुन्तलां प्रोत्साहयति।

3. वनेचरः युधिष्ठिराय सुयोधनवृत्तान्तं वदति। युधिष्ठिरः सुयोधनवृत्तान्तं वदन्तं अभिनन्दति।

4. श्रीकृष्णः यशोदायै मुखकुहरे वसुधामखिलां प्रदर्शयति। यशोदा वसुधामखिलां प्रदर्शयन्तं श्रीकृष्णं प्रार्थयते।

5. गजेन्द्रः कमलमेकं नमस्ते अखिलगुरो भगवन् इत्युक्त्वा अर्चयति। भगवान् विष्णुः कमलमेकं अर्चयन्तं गजेन्द्रं अनुगृह्णाति

താഴെ പറയുന്ന ക്രിയാപദങ്ങളുടെ ശത്രന്തം ദ്വിതീയാ രൂപം ഉപയോഗിച്ച് വാക്യങ്ങൾ എഴുതുക.

नमति, पृचछति, प्रेषयति, तिष्ठति, उपदिशति, धवति, पिबति, पश्यति,

ताडयति, गायति।

ഒരു കാവ്യം പഠിയ്ക്കാൻ ആരംഭിയ്ക്കാം. കാവ്യം എന്നാൽ കവിയുടെ കർമ്മമാണ്. കവികൾ ആരെല്ലാം എന്ന് കണക്കാക്കുന്ന അവസരം ആദ്യം കാളിദാസന്റെ പേരാണ് വരുന്നത്. കാളിദാസന്റെ രഘുവംശമാകട്ടെ ആദ്യം.

# रघुवंशः

वागर्थाविव संपृक्तौ वागर्थप्रतिपत्तये
जगतः पितरौ वन्दे पार्वतीपरमेश्वरौ।

पदच्छेदः – ഇവിടെ പദം പിരിയ്ക്കാൻ ഒന്നുമില്ല.

1. വാഗർഥാവിവ = ഇത് ഒരു സമസ്തപദമാണ്.
   വാക് ച അർഥഃ ച = വാഗർഥൗ = ശബ്ദാർത്ഥങ്ങൾ.

വാഗർഥൗ എന്ന പദം ഇവ എന്ന അവ്യയപദവുമായി സമസിച്ച് വാഗർഥാവിവ സമാസം ഉണ്ടായി. ഇവിടെ പിരിയ്ക്കാൻ സാധ്യമല്ല. സമാസത്തിൽ സന്ധി നിത്യമാണ്. അതായത് പിരിയ്ക്കാൻ പാടില്ല.

2. സംപൃക്തൗ = അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ദ്വിവചനം
   നല്ലവണ്ണം ചേർന്നിരിക്കുന്നത്.
3. വാഗർഥപ്രതിപത്തയേ = അകാരാന്തഃ പുല്ലിംഗഃ ചതുർഥീ ഏകവചനം
   ശബ്ദാർഥങ്ങളുടെ അറിവിനായിക്കൊണ്ട്
4. ജഗതഃ = തകാരാന്തഃ പുംല്ലിംഗഃ ഷഷ്ഠീ ഏകവചനം
   ലോകത്തിന്റെ
5. പിതരൗ = ഋകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ദ്വിവചനം
   പിതൃശബ്ദഃ
   പിതാ ച മാതാ ച എന്ന് വിഗ്രഹം.
   ഈ ദ്വന്ദ്വസമാസത്തിൽ മാതാപിതരൗ
   എന്നും പിതരൗ എന്നും രൂപങ്ങൾ.
6. വന്ദേ = വന്ദ് ധാതുഃ ആത്മനേപദീ ലട് (വർത്തമാനകാലം) ഉത്തമപുരുഷൻ ഏകവചനം.
   ഞാൻ വന്ദിക്കുന്നു.

7. പാർവതീപരമേശ്വരൗ = അകാരാന്തഃ പുംല്ലിംഗഃ ദ്വിതീയാ ദ്വിവചനം പാർവതീ ച പരമേശ്വരഃ ച എന്ന് വിഗ്രഹം.

അന്വയം : അഹം വാഗർഥപ്രതിപത്തയേ വാഗർഥാവിവ സംപൃക്തൗ ജഗതഃ പിതരൗ പാർവതീപരമേശ്വരൗ വന്ദേ.

അർത്ഥം - ഞാൻ ശബ്ദാർത്ഥങ്ങളുടെ ജ്ഞാനത്തിനായി ശബ്ദാർത്ഥങ്ങളെപോലെ ഇഴപിരിയ്ക്കാൻ പറ്റാത്തവിധമിരിയ്ക്കുന്ന ലോകത്തിന്റെ മാതാപിതാക്കളായ പാർവ്വതീപരമേശ്വരന്മാരെ വന്ദിക്കുന്നു. ഇവിടെ പാർവതീപരമേശ്വരൗ എന്നത് പാർവതീപഃ ച രമേശ്വരഃ ച വിഗ്രഹിയ്ക്കാം. അപ്പോൾ വിഷ്ണുമഹേശ്വരന്മാർ എന്നു കിട്ടും. ലോകപിതാക്കളായ വിഷ്ണുമഹേശ്വരന്മാരെ വന്ദിക്കുന്നതായും പറയാം.

(തുടരും)

---

# ഭഗവദ്ഗീതാ – ഒരു പുനർവായന [16]

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

31. *നിമിത്താനി ച പശ്യാമി വിപരീതാനി കേശവ*
*ന ച ശ്രേയോനുപശ്യാമി ഹത്വാ സ്വജനമാഹവേ*

ഈ ശ്ലോകത്തിലെ ആദ്യ പകുതിയുടെ അർത്ഥവും വിശകലനവും കഴിഞ്ഞലക്കത്തിൽ കൊടുത്തിരുന്നു.

അർത്ഥം - യുദ്ധത്തിൽ സ്വജനങ്ങളെ കൊന്നിട്ട് ശ്രേയസ്സ് ഉണ്ടാകുമെന്ന് തോന്നുന്നില്ല.

യുദ്ധത്തിൽ സ്വന്തമാൾക്കാരെ കൊല്ലുന്നതിലൂടെ ശ്രേയസ്സ് ലഭിക്കില്ലെന്ന് അർജ്ജുനൻ കാണുന്നു. എന്റേത് എന്ന് ഞാൻ കരുതുന്നവരെ ഇല്ലാതാക്കുന്നതിലൂടെ എനിക്ക് എന്തെങ്കിലും നേട്ടം ഉണ്ടാകുമെന്ന് തോന്നുന്നില്ല. നേരെ മറിച്ച് കോട്ടം മാത്രമേ ഉണ്ടാകുകയുള്ളൂ എന്ന് അർജ്ജുനൻ വിലയിരുത്തുന്നു.

*32. ന കാങ്ക്ഷേ വിജയം കൃഷ്ണ ന ച രാജ്യം സുഖാനി ച
കിം നോ രാജ്യേന ഗോവിന്ദ കിം ഭോഗൈർജീവിതേന വാ*

അർത്ഥം – അല്ലയോ കൃഷ്ണാ! ഞാൻ വിജയം ആഗ്രഹിക്കുന്നില്ല. രാജ്യവും സുഖവും ആഗ്രഹിക്കുന്നില്ല. അല്ലയോ ഗോവിന്ദാ! രാജ്യംകൊണ്ട് എന്ത് പ്രയോജനം? ഭോഗങ്ങളെക്കൊണ്ടും ഈ ജീവിതംകൊണ്ടുംതന്നെ എന്തു പ്രയോജനം?

*33. യേഷാമർഥേ കാങ്ക്ഷിതം നോ രാജ്യം ഭോഗാഃ സുഖാനി ച
ത ഇമേ/വസ്ഥിതാ യുദ്ധേ പ്രാണാംസ്ത്യക്ത്വാ ധനാനി ച*

അർത്ഥം – ആർക്കുവേണ്ടിയാണോ ഞങ്ങൾ രാജ്യവും ഭോഗങ്ങളും സുഖങ്ങളും ആഗ്രഹിച്ചിരുന്നത് അവർ ജീവനും സ്വത്തും ത്യജിച്ച് യുദ്ധമുഖത്ത് നില്ക്കുന്നു.

എനിക്ക് രാജ്യവും ഭോഗങ്ങളും മറ്റു സുഖങ്ങളും ഒന്നുംവേണ്ടാ എന്ന് അർജ്ജുനൻ പറയുന്നത് സ്വന്തം ബലഹീനതയെ മറച്ചുവയ്ക്കുവാനുള്ള ഒരു വ്യക്തിയുടെ വ്യഗ്രതയായിട്ട് കാണണം. അർജ്ജുനൻ വിജയം വേണ്ടാ എന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമാണ്. കാരണം, മുൻകാലചരിത്രം അതാണ് പറയുന്നത്.

നമ്മൾ ഒരു ഇതികർത്തവ്യതാ അവസ്ഥയിൽ നില്ക്കുമ്പോൾ നമ്മുടെ വാക്കുകൾ നമ്മുടെ മനോഭാവത്തെ പ്രകടമാക്കും. വളരെ ബുദ്ധിപൂർവ്വമാണ് നാം സംസാരിക്കുന്നതെങ്കിലും നമ്മൾ അറിയാതെ വാക്കുകൾ മനഃസ്ഥിതിയെ വെളിപ്പെടുത്തും.

വിജയവും രാജ്യവും തന്നിമിത്തം കൈവരുന്ന സുഖവും ഒന്നുംവേണ്ട എന്നു പറയുന്നതിന് അർജ്ജുനൻ നിരത്തുന്ന കാരണം ആർക്കുവേണ്ടിയാണോ യുദ്ധത്തിൽ വിജയത്തിലൂടെ രാജ്യവും ഐശ്വര്യവും സുഖങ്ങളും നേടിയെടുക്കുന്നത് അവരാണ് പ്രാണനും ശരീരാദി സമ്പത്തുക്കളുമെല്ലാം ത്യജിച്ച് ഈ യുദ്ധമുഖത്ത് നില്ക്കുന്നത്. നമ്മളിൽ പലരും ജീവിതത്തിൽ പലതും നേടുന്നതും പ്രവർത്തിക്കുന്നതും നമ്മുടെ സ്വന്തം ആൾക്കാരെ ബോദ്ധ്യപ്പെടുത്തുന്നവനും മറ്റുമാണെന്ന് തീർച്ചയാണ്. സ്വന്തക്കാരില്ലാത്ത നാട്ടിൽ പ്രവൃത്തിയെടുക്കേണ്ടിവന്നാൽ നമ്മളിൽ ഗൃഹാതുരത്വം ഉണരുകയും ഒരുപക്ഷേ, പ്രവൃത്തിയെടുത്തുകൊണ്ടിരിക്കുന്ന നാട്ടിൽ സ്വജനങ്ങളുണ്ടായിവന്നാൽ നമ്മൾ പഴയ നാട് ഉപേക്ഷിച്ച് ആ പുതിയ

നാട്ടിൽ സ്ഥിരതാമസമാക്കുകയും ചെയ്യും. ഇത് നമ്മുടെ പ്രവൃത്തി മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനാണെന്ന് തെളിയിക്കുന്നു. ഇതുതന്നെയാണ് അർജ്ജുനൻ പറയുന്നത്. യുദ്ധത്തിൽ ഇരുവശത്തായും പ്രാണനും ശരീരാദിസമ്പത്തെല്ലാം പോയാലും വേണ്ടില്ല മരിയ്ക്കാൻ തയ്യാറായി സ്വജനങ്ങൾ നില്ക്കുന്നു. അവർക്കു വേണ്ടിയിട്ടുള്ള വിജയവും രാജ്യവും എനിക്ക് വേണ്ട അർജ്ജുനൻ വ്യക്തമാക്കുന്നു. ഇവ അർജ്ജുനന്റെ യഥാർത്ഥ മനഃസ്ഥിതിയേയും വെളിപ്പെടുത്തുന്ന വാചകങ്ങളാണ്.

ഇവിടെ ഗോവിന്ദ എന്ന സംബോധന പ്രത്യേകമായ പ്രസ്താവമർഹിക്കുന്നു. ഗോവിന്ദശബ്ദത്തിന് അഞ്ച് തരത്തിലുള്ള അർത്ഥം പറയാമെന്നാണ് കാശ്മീർദേശത്ത് പ്രചാരത്തിലുണ്ടായിരുന്ന ശ്രീകൃഷ്ണാരാധനാപദ്ധതിയായ ക്രമദീപിക എന്ന തന്ത്രഗ്രന്ഥത്തിന്റെ രണ്ടാം പടലത്തിൽ പറയുന്നത്.

1. ‘ഗൗർജ്ഞാനം. ജ്ഞാനേ ഉപലഭ്യതേ പ്രാപ്യതേ ഇതി ഗോവിന്ദഃ’
   ഗൗഃ എന്നതിന് അറിവെന്നും അറിവുകൊണ്ട് ലഭിയ്ക്കപ്പെടുന്നതിനെ ഗോവിന്ദനെന്നും പറയുന്നു.
2. ‘ഗാം ശബ്ദരാശിം വേത്തി ഇതി ഗോവിന്ദഃ’
   ശബ്ദാർത്ഥങ്ങളെ അറിയുന്നവൻ ഗോവിന്ദൻ.
3. ‘ഗാവഃ ഇന്ദ്രിയാണി. തേഷാം വിശേഷേഷു പ്രതിനിയത വിഷയേഷു പ്രവർത്തനാത് ഗോവിന്ദഃ’
   ഇന്ദ്രിയങ്ങളെയും വിഷയങ്ങളെയും പ്രവർത്തിപ്പിക്കുന്നവൻ ഗോവിന്ദൻ.
4. ‘ഗാവഃ പശുവിശേഷഃ. തേഷാം വിശേഷേഷു പുണ്യപാപേഷു ചാരണാത് പ്രവർത്തനാത് ഗോവിന്ദഃ’
   പുണ്യപാപങ്ങളായിട്ടുള്ള കർമ്മങ്ങളിലൂടെ ബന്ധനസ്ഥരായവരെ (പശുക്കളെ അതായത് നമ്മളെ) പ്രവർത്തിപ്പിക്കുന്നവൻ ഗോവിന്ദൻ.
5. ‘ഗാവഃ തേഷാം രക്ഷണാത്’ ബന്ധനസ്ഥരായവരെ (നമ്മളെ) രക്ഷിക്കുന്നതുകൊണ്ട് ഗോവിന്ദൻ.

ഇപ്പറഞ്ഞ എല്ലാ അർത്ഥത്തിലുമാണ് അർജ്ജുനൻ കൃഷ്ണനെ ഇവിടെ ‘ഗോവിന്ദ’ എന്ന് സംബോധന ചെയ്യുന്നത്.

(തുടരും)

# കാശ്മീര ശൈവസമ്പ്രദായം (5)
# [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

## ഉപായങ്ങൾ

കാശ്മീരശൈവസിദ്ധാന്തമനുസരിച്ച് സ്വരൂപജ്ഞാനം അഥവാ പ്രത്യഭിജ്ഞയാണ് മോക്ഷം. ഇതിനുള്ള മാർഗ്ഗങ്ങളാണ് ഉപായങ്ങളായി പറയപ്പെടുന്നത്. ഉപായങ്ങൾ നാലുവിധത്തിലാണ്. അവ യഥാക്രമം അനുപായം, ആണവം, ശാക്തം, ശാംഭവം എന്നിങ്ങനെയാണ്. ഉപായങ്ങൾ ഒന്നുംകൂടാതെ എന്നാണ് അനുപായം എന്ന വാക്കിനർത്ഥം. അതായത് നിരുപാധികമായി പ്രത്യഭിജ്ഞാനമുണ്ടാവുകയാണെങ്കിൽ അതിനെ അനുപായം എന്നു വിളിക്കുന്നു. ഇത് സംഭവിക്കുന്നത് ശിവാനുഗ്രഹത്താൽ മാത്രമാണ്. ശിവരൂപിയായ ഗുരുവിന്റെ കൂടെയുള്ള സഹവാസംകൊണ്ടും ശക്തിപാതം സംഭവിക്കുന്നതിലൂടെയും ഈ തിരിച്ചറിവുണ്ടാകുന്നു. പക്ഷേ, വളരെ ചുരുക്കം ചില ആളുകൾക്കു മാത്രമേ നിരുപാധികമായി ഈ തിരിച്ചറിവ് സംഭവിക്കുന്നുള്ളൂ. മറ്റുള്ളവർക്ക് പ്രയത്നഫലമായും ഈ തിരിച്ചറിവ് ഉണ്ടാകുന്നുണ്ട്. പക്ഷേ, ഇതിന് ചില ഉപാധികൾ ആവശ്യമാണ്. അതിൽ ആദ്യത്തേതാണ് ആണവോപായം.

## ആണവോപായം

ആന്തരികവും ബാഹ്യവുമായുള്ള ഉപാധികളെ സ്വീകരിക്കുന്നതാണ് ആണവോപായം. ആന്തരികമായ ബുദ്ധി, പ്രാണൻ, ശൂന്യം അതുപോലെത്തന്നെ ബാഹ്യോപാധികളായ ദേഹം തുടങ്ങി ശാസ്ത്രം വിധിച്ചിട്ടുള്ളവയെല്ലാംതന്നെ ഇതിൽ ഉപാധിയായി സ്വീകരിക്കപ്പെടുന്നു. ഏതെങ്കിലും ഒരുപാധി വഴിയാണ് ഇവിടെ തത്ത്വജ്ഞാനം സിദ്ധിക്കുന്നത്.

## ശാക്തോപായം

ഭാവനാപ്രധാനമാണ് ശാക്തോപായം. മനസ്സ്, ബുദ്ധി ഇവയാണ് ഇതിൽ ഉപാധികളായി സ്വീകരിക്കപ്പെടുന്നത്. ചിന്തകളാണ് താനും

ഇക്കാണുന്ന വസ്തുക്കളും രണ്ടാണെന്നുള്ള അറിവ് നമുക്കുണ്ടാക്കിത്തരുന്നത്. ഇതിനെ പരമാദ്വയവാദത്തിൽ വികല്പങ്ങൾ എന്നു പറയുന്നു. ചുരുക്കിപ്പറഞ്ഞാൽ ഭേദചിന്തയാണ് വികല്പം. ഈ വികല്പങ്ങളെ സംസ്കരിക്കാനുള്ള വഴികളാണ് ശാക്തോപായത്തിലെ പ്രധാന പ്രതിപാദ്യം. ഏത് ചിന്തകളാണോ നമ്മളിൽ വേർതിരിവ് ഉണ്ടാക്കുന്നത് അതേ ചിന്തകളെ സംസ്കരിച്ച് പരമമായ ജ്ഞാനത്തിലേയ്ക്ക് നയിക്കുന്നതാണ് ശാക്തോപായത്തിലെ വഴികൾ. 'സർവ്വോ/യം മമ വിഭവഃ'. അതായത് ഇക്കാണുന്നതെല്ലാം എന്റെതന്നെ രൂപങ്ങളാണെന്നുള്ള നിരന്തരാനുസന്ധാനമാണ് ഇതിലെ പ്രധാന രീതി. ഇത് ദൃഢമാകുന്നതോടെ ഭേദചിന്തയില്ലാതാവുന്നു.

## ശാംഭവോപായം

താനും പ്രപഞ്ചവും ഭിന്നമല്ലെന്നുള്ള അനുഭവം സിദ്ധിക്കുന്നതിനുവേണ്ടിയുള്ളതാണ് ശാംഭവോപായം. ഇത് സംഭവിക്കുന്നത് പ്രധാനമായും ഗുർവ്വനുഗ്രഹത്താലാണ്. ശിവനാൽ സാക്ഷാത് മുക്തനാക്കപ്പെടുന്നതുകൊണ്ടാണ് ഇതിനെ ശാംഭവോപായം എന്നു വിളിക്കുന്നത്. മാത്രമല്ല, ഇതിലൂടെ ബൗദ്ധ, പൗരുഷാജ്ഞാനങ്ങൾ ഇല്ലാതാവുകയും ശിവാവസ്ഥ അനുഭവവിഷയമാവുകയും ചെയ്യുന്നു.

മേൽപറഞ്ഞ ഉപായങ്ങൾ ക്രമത്തിലും ക്രമരഹിതമായും സ്വീകരിക്കപ്പെടുന്നു. അതായത് ശക്തിപാതത്തിന്റെ തോതനുസരിച്ചാണ് ഈ മാർഗ്ഗങ്ങൾ സ്വീകരിക്കപ്പെടുന്നത്. അഭിനവഗുപ്തപാദരുടെ തന്ത്രാലോകത്തിലും തന്ത്രസാരത്തിലും ഈ നാലുപായങ്ങളേയും സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

## വാക്ചതുഷ്ടയം

പരമാദ്വയവാദത്തിൽ വാക്കിന് നാല് അവസ്ഥകളുള്ളതായി കണക്കാക്കപ്പെടുന്നു. പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്നിവയാണവ. വാക്കിന്റെ അവസ്ഥകളെക്കുറിച്ച് ആദ്യമായി പ്രതിപാദിക്കുന്നതും ആഴത്തിൽ ചിന്തിച്ചിട്ടുള്ളതും വൈയ്യാകരണനും ദാർശനികനുമായ ഭർത്തൃഹരിയാണ്. അദ്ദേഹത്തിന്റെ 'വാക്യപദീയം' എന്ന ഗ്രന്ഥത്തിൽ പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്നീ വാക്കിന്റെ മൂന്നു ഭേദങ്ങളെ സൂക്ഷ്മദൃഷ്ട്യാ അവതരിപ്പിക്കുന്നുണ്ട്. ഈ മൂന്നവസ്ഥകൾക്കും മുകളിലായി ശൈവന്മാർ പരാ എന്നൊരവസ്ഥയേയും ഉൾപ്പെടുത്തുന്നു. എങ്കിലും ഭർത്തൃഹരിയുടെ

സിദ്ധാന്തങ്ങളെ പാടേ തള്ളിക്കളയാൻ ശൈവർക്ക് സാധിക്കുന്നില്ല. പല അവസരങ്ങളിലും പ്രത്യേകിച്ചും വാക്കുകളേയും ശബ്ദങ്ങളേയും പറ്റി പ്രതിപാദിക്കേണ്ട അവസരങ്ങളിൽ ശൈവന്മാർ ഭർത്തൃഹരിയെ പിൻപറ്റുന്നത് കാണാം.

സോമാനന്ദൻ തന്റെ 'ശിവദൃഷ്ടി'യിൽ പശ്യന്തിയാണ് വാക്കിന്റെ ഏറ്റവും സൂക്ഷ്മമായ അവസ്ഥയെന്ന ഭർത്തൃഹരിയുടെ വാദം ഖണ്ഡിക്കുന്നു. പരയാണ് ഏറ്റവും സൂക്ഷ്മം എന്ന് സമർത്ഥിക്കുകയും ചെയ്യുന്നു.

## പരാവാക്

ഒരു വാക്കിന്റെ ഏറ്റവും ആദിമമായ രൂപം ആണ് പരാവാക്. ചിന്തയുടെ ആരംഭദശ എന്നും ഈ അവസ്ഥയെ വിശേഷിപ്പിക്കാം. ഈ അവസ്ഥയിൽ പൂർണ്ണബോധം മാത്രമേയുള്ളു. വിമർശാവസ്ഥയാണ് പരാവാക്.

## പശ്യന്തീ

ഈ അവസ്ഥയിൽ വാക്കും അതിന്റെ അർത്ഥവും ഒരുമിച്ചിരിക്കുന്നു. അതായത് ഒരു ഏകകമായി നിലകൊള്ളുന്നു. ഇവിടെ വാക്കും അതിന്റെ അർത്ഥമായ വസ്തുവും രണ്ടാണെന്നുള്ള ഒരറിവില്ല.[1] വാക്കിന്റെ വളരെ സൂക്ഷ്മമായ തലമാണ് പശ്യന്തീ. ശാസ്ത്രങ്ങളിൽ ഇത് കാണിച്ചു തരുന്നത് ഉയർന്ന കുന്നിൻ മുകളിൽനിന്നുള്ള കാഴ്ചപോലെയുള്ള കാഴ്ച എന്ന ദൃഷ്ടാന്തത്തിലൂടെയാണ്. അതായത്. ഒരു പർവ്വതത്തിന്റെ ഉത്തുംഗശൃംഖങ്ങളിൽനിന്ന് നോക്കുമ്പോൾ താഴ്‌വരയിൽ കാണുന്നതെല്ലാം കൂടിക്കലർന്ന് ഒന്നായിക്കാണുന്നു. അതുപോലെത്തന്നെ വളരെ വിശാലവുമായിരിക്കും. ഇതുപോലെ പശ്യന്തിയിൽ വാക്കും അർത്ഥവും കൂടിക്കുഴഞ്ഞ് ഇരിക്കുകയും രണ്ടും ഒരുമിച്ച് ഒരേകകമായി അനുഭവവേദ്യമാകുകയും ചെയ്യുന്നു.

## മദ്ധ്യമാ

ഈ അവസ്ഥയിൽ ശബ്ദവും അർത്ഥവും ഭിന്നമായി നിലകൊള്ളുന്നു.[2] ഇവിടെ അറിയുന്നയാൾ അറിയുന്ന വസ്തു എന്ന ഭേദം നിഴലിക്കുന്നു.

---

1. തഥാ ച പശ്യന്തീരൂപം ഗ്രാഹ്യഗ്രാഹക വിഭാഗക്രമരഹിതം
2. വാച്യവാചകഭേദമയീ, യത്ര ച മദ്ധ്യമായാം ഭേദാവഭാസം (പരാത്രീശികാ വിവൃത്തി)

## വൈഖരീ

വിഖരം എന്നാൽ ശരീരം, സ്ഥൂലം എന്നൊക്കെയാണർത്ഥം. ശരീരത്തിലുണ്ടാവുന്നത്, ശരീരത്തിൽനിന്നു വരുന്നത് എന്നൊക്കെയാണ് വൈഖരീ ശബ്ദത്തിനർത്ഥം.[3] ഈ തലത്തിലെത്തുമ്പോഴേയ്ക്കും വാക്കും അർത്ഥവും വെറെയാവുന്നു. വാക്കിന്റെ ഏറ്റവും സ്ഥൂലമായ തലമാണ് വൈഖരീ. വാക്ക് ഈ തലത്തിലെത്തുമ്പോഴാണ് നമ്മൾക്ക് ആശയവിനിമയം സാദ്ധ്യമാകുന്നത്.[4]

ഈ പറഞ്ഞതാണ് വാക്കിന്റെ നാലു ഭേദങ്ങൾ. എന്നാൽ പ്രപഞ്ചസാരം, ശാരദാതിലകം എന്നീ ഗ്രന്ഥങ്ങൾ വാക്കിന്റെ അഞ്ച്, ഏഴ് അവസ്ഥകളെക്കൂടി പരാമർശിക്കുന്നതായി കാണാം - സൂക്ഷ്മാ, പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്നിവയെ 'പഞ്ചപദീ' എന്നും ശൂന്യം, സംവിത്, സൂക്ഷ്മം, പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്ന ഭേദങ്ങളെ 'സപ്തപദീ' എന്നും പ്രപഞ്ചസാര വ്യാഖ്യാനത്തിൽ പരാമർശിച്ചു കാണുന്നു. മാത്രവുമല്ല, ഈ പരാവാക്കിന്റെ സ്ഥാനം മൂലാധാരവും പശ്യന്തിയുടേത് ഹൃദയവും മദ്ധ്യമയുടേത് ബുദ്ധിയും മുഖം (വക്ത്രം) വൈഖരിയുടേയും സ്ഥാനങ്ങളായി പറയപ്പെടുന്നു.

(തുടരും)

---

3. വിഖരഃ ശരീരം, തത്ര ഭവാ തത്പര്യന്ത ചേഷ്ടാ സമ്പാദികേത്യർത്ഥഃ (ഈശ്വരപ്രത്യഭിജ്ഞാ വിവൃതി വിമർശിനീ)

   വിശേഷേണ ഖരേ കഠോരേ സ്ഥൂലേ ശരീരേ തിഷ്ഠതീതി വാക്. വൈഖരീ തു തദുഭയഭേദ സ്ഫുടതാമയ്യേവ (പരാത്രീശികാ വിവരണം)

4. പരാവാക് തത്ത്വേ വിഭാഗഹാന്യാ വിശ്വംസ്ഥിതം, പശ്യന്ത്യാമാസൂത്രിത ഭേദം, മദ്ധ്യമായാമനുന്മീലിതഭേദം, വൈഖര്യാം ഭിന്ന പരാമാനരൂപതയാ സ്ഫുടീഭൂത ഭേദാവഭാസം (ഈശ്വരപ്രത്യഭിജ്ഞാ വിവൃതി വിമർശിനീ)

ഔഷധസസ്യങ്ങൾ -23

# വെള്ളില

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

ഈ ഔഷധച്ചെടിയുടെ തളിരിലകൾ വിളറിവെളുത്തു കാണുന്നതുകൊണ്ടാണ് ഇതിനെ 'വെള്ളില' എന്നു മലയാളികൾ വിശേഷിപ്പിക്കുന്നത്.

റൂബിയേസി കുടുംബത്തിൽപ്പെട്ട വെള്ളിലയുടെ ശാസ്ത്രനാമം മുസേർഡ ഫ്രോണ്ടോഡ എന്നാണ്. സംസ്കൃതത്തിൽ ശ്രീവല്ലി, ശ്രീമതി എന്നീ പേരുകളുണ്ട്.

ഔഷധ ഗുണങ്ങൾ - മൂത്രം ധാരാളമായി സ്രവിപ്പിക്കും, ചുമ, ശ്വാസതടസ്സം, വയറുപെരുപ്പം, തട്ടിവീർക്കലും, ഗുല്മം തുടങ്ങിയവ ശമിപ്പിക്കും. വ്രണരോപണവുമാണ്.

ഔഷധയോഗ്യഭാഗങ്ങൾ - തളിരില, വേരുകൾ.

ഔഷധപ്രയോഗങ്ങൾ - 'വെള്ളില'ത്തിന്റെ പച്ച ഇല അരച്ച് പൂച്ച് ഇടുകയാണെങ്കിൽ എളുപ്പം സുഖപ്പെടും.

വേര് വിധിപ്രകാരം കഷായംവെച്ച് സേവിപ്പിച്ചാൽ കുട്ടികൾക്കനുഭവപ്പെടുന്ന ചുമ ശമിക്കും. ഈ കഷായംതന്നെ നേത്രരോഗങ്ങൾക്കെല്ലാം തന്നെ സുഖപ്രദമാണ്. കണ്ണിൽ ഒഴിക്കാനും, കഴുകാനും ധാരകോരാനും ഉപയോഗിച്ചാൽ ചൊറിച്ചിൽ, പുകച്ചിൽ, പീള അടിഞ്ഞുകൂടൽ തുടങ്ങിയ അസുഖങ്ങൾ മാറും.

ഇതിന്റെ വേര് അരച്ച് അഞ്ച് ഗ്രാം വീതം ഗോമൂത്രത്തിൽ കലർത്തി രാവിലെയും വൈകീട്ടും ഉപയോഗിച്ചാൽ വെളുത്തനിറത്തിലുള്ള കുഷ്ഠം (Leprosy) ശമിക്കും.

വെളുത്ത ഇല മാത്രം എടുത്ത് കഴുകിവൃത്തിയാക്കി അരച്ചെടുത്ത് 5 ഗ്രാം വീതം രാവിലെയും, വൈകീട്ടും കഴിച്ചാൽ മഞ്ഞപ്പിത്തം മാറും. തലമുടിയ്ക്ക് സ്വാഭാവിക നിറം ലഭിച്ച് തഴച്ചുവളരാനായി പുരാതനകാലം മുതൽ കേരള സ്ത്രീകൾ വെള്ളിലത്താളി ഉപയോഗിച്ചുവരുന്നു. തലമുടിയ്ക്കുള്ളിലെ വിയർപ്പും, ഈർപ്പവും ഇല്ലായ്മ ചെയ്ത് പുതിയ ആരോഗ്യവും സ്വാഭാവിക കറുപ്പുനിറവും പ്രദാനം ചെയ്യുന്നു.

എഴുത്തുകാരെ ഏറെ ആകർഷിയ്ക്കുന്ന 'വെള്ളില'യിൽനിന്ന് നിരവധി സങ്കല്പങ്ങൾ പിറന്നുവീണിട്ടുണ്ട്. ഒന്നിൽത്തന്നെ വെളുത്തതും പച്ചയുമായ ഇലകൾ, പൂക്കളാകട്ടെ ചുവന്നതും. ചുരുക്കത്തിൽ കേരളീയതയുടെ മായാത്ത പരിവേഷം മലയാളികൾ വെള്ളിലയിൽ ദർശിച്ചതിൽ അത്ഭുതമില്ല.

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  17

ഉണ്ണികൃഷ്ണൻ കിഴുത്താനി

ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

കൊച്ചുകൂട്ടുകാരേ, ഇനി നമ്മൾ ശ്രീരാമചന്ദ്രന്റെ സദ്ഗുണങ്ങളുടെ പ്രതിഫലനവും രാജ്യാഭിഷേക പ്രാപ്തിയോടനുബന്ധിച്ച അനന്തരസംഭവപരമ്പരകളുമായാണ് പരിചയപ്പെടാൻ പോകുന്നത്. കൃതകൃത്യനായ വാല്മീകിമഹർഷി വഴിപോലെ അതെല്ലാം അതിമനോഹരമായി വരച്ചുകാണിച്ചിരിയ്ക്കുന്നു. വാർദ്ധക്യം വാതിൽക്കൽ വന്നുനിൽക്കുന്നു. സൽസന്താനങ്ങൾ തന്റെ വംശാവലിയുടെ യശസ്സ് പൂർവ്വാധികം വർദ്ധിപ്പിയ്ക്കുമെന്ന ഉത്തമബോദ്ധ്യമുള്ള ദശരഥ മഹാരാജാവ് മൂത്തപുത്രനായ ശ്രീരാമനെ രാജാധികാരം ഏല്പിയ്ക്കാൻ തീരുമാനിച്ചു. ആനന്ദലബ്ധിയ്ക്കിനിയെന്തുവേണം എന്നാണ് ജനസഭ പ്രതികരിച്ചത്. കുലഗുരുവായ വസിഷ്ഠമുനിയോടും വാമദേവനോടും കൂടിയാലോചിച്ച് കിരീടധാരണത്തിനുള്ള ഒരുക്കങ്ങൾ സമാരംഭിച്ചു. സർവ്വചരാചരങ്ങളും ഐശ്വര്യത്തിലാറാടുന്ന 'ചൈത്ര'മാസം ഇതിന്നായി തെരഞ്ഞെടുക്കുകയും ചെയ്തു. ഭരണാധികാരികൾ സദ്ഗുണസമ്പന്നരും പ്രജാപരിപാലനത്തിൽ തല്പരരുമായിരുന്നാൽ മാത്രമേ ഏതൊരു രാജ്യവും ഉന്നതിയിലെത്തുകയുള്ളൂ. ഇക്കാര്യം കൂട്ടുകാർ പ്രത്യേകം ശ്രദ്ധിയ്ക്കുമല്ലോ? രാമരാജ്യസങ്കല്പം ഭാരതീയ സംസ്കൃതിയുടെ പര്യായമായിമാറിയതുതന്നെ പ്രജാക്ഷേമതാല്പര്യമായിരിയ്ക്കണം

ഭരണാധികാരിയുടെ പ്രഥമപരിഗണന എന്ന് വെളിവാക്കുന്നതുകൊണ്ടാണ്. വളർന്നുവരുന്ന തലമുറയ്ക്ക് ഏറെ പഠിയ്ക്കാനും ഉൾക്കൊള്ളാനും പാകത്തിൽ രാജ്യഭരണത്തെക്കുറിച്ചും ജനധർമ്മനീതിയെക്കുറിച്ചും നിരവധി ഉൽകൃഷ്ടാശയങ്ങൾ മഹാമുനി മറക്കാതിരിയ്ക്കത്തക്കവിധത്തിൽ ആലേഖനം ചെയ്തിരിയ്ക്കുന്നു. മാതൃ-പിതൃ-പുത്ര-സഹോദര-ഭാര്യ-ഭർത്തൃബന്ധം ഇവയെല്ലാം പരസ്പരം ഏകോപിപ്പിച്ച് എപ്രകാരമാണ് ശ്രേഷ്ഠമായ കുടുംബം, സമൂഹം, രാഷ്ട്രം എന്നിവ പടുത്തുയർത്തേണ്ടതെന്നും അതിമനോഹരമായി വാല്മീകിരാമായണം ലോകത്തിന് പറഞ്ഞുതരുന്നു. അഭിഷേകത്തിന് പ്രാരംഭമായുള്ള പൂജകളും മറ്റു ചടങ്ങുകളും ഉടനെ ആരംഭിച്ചു.

ഇതിന്നിടയിൽ വിധിയുടെ വിളയാട്ടമെന്നപോലെ ഈ വസ്തുതകളെയെല്ലാം കീഴ്മേൽമറിച്ച അനുഭവമാണുണ്ടാകുന്നത്. മനുഷ്യമനസ്സ് അന്നും ഇന്നും എന്നും ഏറെ ദുരൂഹവും ദുഷിച്ച ചിന്തകൾക്ക് ഇരിപ്പിടവുമാണെന്ന് തെളിവുനല്കുന്നു, 'മന്ഥര'യുടെ ചെയ്തികൾ. മഹാരാജാവ് ദശരഥന്റെ പ്രിയപത്നി കൈകേയിയ്ക്ക് അനവധി ദാസിമാരുണ്ടെങ്കിലും ദുർഗുണങ്ങളുടെ വിളനിലമായ മന്ഥരയുമായിട്ടായിരുന്നു ഏറെ അടുപ്പം. എതിർദിശകളാണല്ലോ സ്വാഭാവികമായും ആകർഷിയ്ക്കപ്പെടുക! മൂന്നു അമ്മമാരേയും തുല്യരായി കാണുന്ന ശ്രീരാമനെ അവരും അപ്രകാരം മൂത്തപുത്രനായിത്തന്നെയാണ് കണ്ടിരുന്നത്. ഏറ്റവും ദൃഢവും ശ്രേഷ്ഠവുമായ ബന്ധങ്ങൾക്കുപോലും ക്ഷതമേല്പിക്കാൻ വെറും കൂനിയായ മന്ഥരയ്ക്ക് സാധിച്ചത് മനുഷ്യന്റെ അടങ്ങാത്ത അത്യാഗ്രഹത്തിന്റേയും അസൂയയുടേയും പരിണതഫലമാണ്. ഇമ്മാതിരി വികാരങ്ങൾ ഇതിനുമുമ്പ് തൊട്ടുതീണ്ടാത്ത കൈകേയിയെ പറഞ്ഞു മനസ്സുമാറ്റി ധർമ്മാ-ധർമ്മങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ പുനരുജ്ജീവിപ്പിച്ചെടുക്കുന്ന മന്ഥരയുടെ കുടിലതയിലൂടെ വാല്മീകി മഹർഷി അധികാരത്തിന്റെ കയ്പും ചവർപ്പും അനുഭവിപ്പിയ്ക്കുന്നു. ഉദ്ദേശ ശുദ്ധിയോടെ ദീർഘവീക്ഷണത്തോടെ പടുത്തുയർത്തുന്ന മഹത്തായ പലതിനേയും ഇല്ലായ്മ ചെയ്യാൻ നിസ്സാരമെന്ന് നമുക്കു തോന്നുന്ന പല സംഭവങ്ങൾക്കും നിഷ്പ്രയാസം സാധിയ്ക്കുമെന്ന് മന്ഥരയുടെ കഥാപാത്രസൃഷ്ടിയിലൂടെ വാല്മീകി മഹർഷിയ്ക്ക് അനായാസം കഴിയുന്നുവെന്ന് 'ശാംഭവി' വയനക്കാരായ കൊച്ചുകൂട്ടുകാർക്ക് ബോദ്ധ്യപ്പെട്ടിരിയ്ക്കുമല്ലോ?

എല്ലാർവർക്കും നവവത്സരാശംസകൾ!!

(തുടരും)

ശ്രീമദപ്പയ്യദീക്ഷതകൃതമായ

# ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (2)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

(കഴിഞ്ഞലക്കം തുടർച്ച)

(ഈ കൃതിക്ക് ശ്രീമദപ്പയ്യദീക്ഷിതരാൽതന്നെ രചിക്കപ്പെട്ട 'വിവൃതി' എന്ന വ്യാഖ്യാനത്തെ അവലംബിച്ചുകൊണ്ടാണ് ഈ വിവർത്തനത്തിന്റെ വിവരണം ചേർത്തിട്ടുള്ളത്.)

2. *പ്രാങ്നിർജരേഷു നിഹിതൈർനിജശക്തിലേശൈഃ*
*ഏകീഭവദ്ഭിരുദിതാഖിലലോകഗുപ്ത്യൈ*
*സമ്പന്നശസ്ത്രനികരാ ച തദായുധസ്ഥൈഃ*
*മാതാ മമാസ്തു മഹിഷാന്തകരീ പുരസ്താത്.*

പ്രാങ് = പണ്ട്, നിർജരേഷു = ദേവന്മാരിൽ, നിഹിതൈഃ = നിക്ഷിപ്തങ്ങളായ, നിജശക്തിലേശൈഃ = സ്വശക്തികളുടെ അംശങ്ങളായ, സമ്പന്നശസ്ത്രനികരാ =ആയുധ സമൂഹങ്ങളെക്കൊണ്ട് സമ്പന്നമായ, തദായുധസ്ഥൈഃ ച = തത്തദായുധങ്ങളോട്ടുകൂടിയും, ലോകഗുപ്ത്യൈ =ലോകരക്ഷക്കായിക്കൊണ്ട്, ഉദിതാ = ഉദ്ഭവിച്ചവളായ, മഹിഷാന്തകരീ മാതാ = മഹിഷാസുരമർദ്ദിനിയായ ലോകമാതാവ്, മമ പുരസ്താത് അസ്തു = എന്റെ മുമ്പിൽ വിളങ്ങട്ടെ.

സാരം - പണ്ട് ദേവന്മാരുടെ ശക്ത്യംശങ്ങൾ ദേവിയോടു ചേർന്നപ്പോൾ, ഒട്ടനവധി ആയുധങ്ങളോട്ടുകൂടി സമസ്തലോകങ്ങളുടെയും രക്ഷക്കായിക്കൊണ്ട് ഉദിച്ചവളായ മഹിഷാസുരമർദ്ദിനിയായ ആ ലോകമാതാവ് എന്റെ മുമ്പിൽ വിളങ്ങട്ടെ.

വിവരണം - ശ്ലോകത്തിൽ പ്രധാനമായും ദേവീമാഹാത്മ്യത്തിലെ രണ്ടും മൂന്നും അദ്ധ്യായങ്ങളിലെ ദേവ്യുത്ഭവം വർണ്ണിച്ചിരിക്കുന്നു. മഹിഷാസുരനാൽ ദേവലോകത്തിൽനിന്നും നിഷ്കാസിതരായ ദേവന്മാർ ത്രിമൂർത്തികളായ ബ്രഹ്മവിഷ്ണുരുദ്രന്മാരുടെ പക്കൽ അഭയം പ്രാപിച്ച് മഹി

ഷാസുരന്റെ അതിക്രമങ്ങളെക്കുറിച്ച് അറിയിച്ചു.

(തുടരും)

---

ശ്രീ ഉത്പലദേവാചാര്യൻ രചിച്ച

# ശിവസ്തോത്രാവലി (4)

(ക്ഷേമരാജ ഭാഷ്യസഹിതം)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞലക്കം തുടർച്ച)

ശ്ലോകം 11

*ഭവദ്ഭക്ത്യാമൃതാസ്വാദാദ്ബോധസ്യ സ്യാത്പരാപി യാ*
*ദശാ സാ മാം പ്രതി സ്വാമിന്നാസവസ്യേവ ശുക്തതാ*

സാരം - അല്ലയോ സ്വാമിൻ! അങ്ങയോടുള്ള ഭക്തിയാകുന്ന അമൃതിന്റെ രസാസ്വാദനത്തിൽനിന്ന ഭിന്നമായി ബോധത്തിന്റെ പരമമായ യാതൊരു ദശ ഉണ്ടോ, ആ അവസ്ഥ എന്നെ സംബന്ധിച്ച് ദുഷിച്ച ആസവം പോലെയാണ്.

വ്യാഖ്യാനം - ഹേ സ്വാമിൻ, ത്വച്ഛക്തിപാതസമാവേശമയഭക്ത്യാനന്ദാസ്വാദമനാസാദ്യബോധസ്യ പരാ - ദേഹപാതപ്രാപ്ത്യാ പ്രകൃഷ്ടാ അപി യാ ശാന്തശിവപദാത്മാ ദശാ സ്യാത് - കൈശ്ചിത് സംഭാവ്യതേ സാ തൈഃ സംഭാവ്യമാനാ മാം പ്രതി ആസവസ്യ യഥാ ശുക്തതാ - പര്യുഷിതതാ തഥാ ഭാതീതി യാവത്. യതസ്തൈർഭക്ത്യമൃതമനാസ്വാദ്യൈവ ശുക്തികൃതം. യൈഃ പുനരാസ്വാദ്യതെ തൈഃ സ്വചമത്കാരാനന്ദവിശ്രാന്തീകൃതത്വാത് കാ ശുക്തതാസംഭാവനാ. ആസ്വാദാദിതി ല്യബ്ലോപേ പഞ്ചമി. അഥവാ ത്വദ്ഭക്ത്യാമൃതാസ്വാദാദപി പരാ - മോക്ഷരൂപാ യാ കാചിദ്ദശാ ആസ്തീതി - സംഭാവ്യതേ സാ മഹ്യം ന രോചതെ - ഭക്ത്യമൃതാസ്വാദസ്യൈവ നിരതിശയ ചമത്കാരവത്വാത്, ഇത്യേവം പരമേതത്

പരിഭാഷ - അല്ലയോ സ്വാമിൻ! ശക്തിപാതസമാവേശമയമായ ഭക്ത്യാനന്ദരസത്തെ പ്രാപിക്കാത്ത ബോധത്തിന്റെ പരമമായ ദശ മരണത്തിനുശേഷം ശാന്തശിവപദാത്മദശയെ പ്രാപിക്കുന്നു എന്നാണ് ചിലരുടെ അഭിപ്രായം. എന്നാൽ എന്നെ സംബന്ധിച്ച് ആ ദശ ആസവം പഴകിയതെന്നപോലെയാണ്. ഭക്ത്യമൃതരസം ആസ്വദിക്കാതെ അവരിൽ ആ ദശ പഴകിയതെന്നപോലെ ആയിരിക്കുന്നു. ആരാണോ ആ ഭക്ത്യമൃതരസം ആസ്വദിക്കുന്നത് അവരിൽ സ്വചമത്ക്കാരാനന്ദവിശ്രാന്തത്താൽ ആ ദശ പഴക്കമില്ലാതെ പുതുമയോടുകൂടി നിലനിൽക്കുന്നു. (ആസ്വാദനത്തിൽ ല്യപ്ന്റെ ലോപത്തിൽ പഞ്ചമി വരും). അഥവാ അങ്ങയുടെ ഭക്ത്യമൃതരസാസ്വാദനത്തേക്കാൾ പരമമായ ഏതൊരു മോക്ഷപദം ഉണ്ടോ, അത് എനിക്ക് താത്പര്യമില്ല. കാരണം ഭക്ത്യമൃതാസ്വാദത്തിനാണ് അതിശയിപ്പിക്കുന്ന ചമത്ക്കാരം ഉള്ളത്. അതുകൊണ്ട് അതുതന്നെയാണ് ഏറ്റവും പരമമായത്.

ശ്ലോകം 12

*ഭവദ്ഭക്തിമഹാവിദ്യാ യേഷാമഭ്യാസമാഗതാ*
*വിദ്യാവിദ്യോഭയസ്യാപി ത ഏതേ തത്വവേദിനഃ*

സാരം - അങ്ങയോടുള്ള ഭക്തിയാകുന്ന മഹാവിദ്യ അഭ്യാസത്താൽ ആർക്കാണോ കൈവന്നിരിക്കുന്നത്, ആ അവർ വിദ്യ, അവിദ്യ ഇവ രണ്ടിന്റേയും സാരഭൂതമായ തത്വം അറിയുന്നവരായി തീരുന്നു.

വ്യാഖ്യാനം - വിദ്യാവിദ്യോഭയസ്യാപി - ഇതി വിദ്യാവിദ്യാലക്ഷണസ്യോഭയസ്യ. തത്ര ശിവമന്ത്രമഹേശ്വരമന്ത്രേശ്വരമന്ത്രാത്മനോ വിദ്യാരൂപസ്യ, വിജ്ഞാനാകലപ്രളയാകലസകലതദ്വേദ്യാത്മനശ്ച അവിദ്യാരൂപസ്യ ഉഭയസ്യാപി തേ തത്വം വിദന്തി, യേഷാം ത്വദ്ഭക്തിരേവ മഹാവിദ്യാ പ്രകർഷ പ്രാപ്താ. മഹത്പദേന ശബ്ദവിദ്യാതോപി ഭക്തേരുത്കർഷാത്തത്തത്വവേദകത്വം.[1]

പരിഭാഷ - വിദ്യ, അവിദ്യ എന്നിവകളുടെ ലക്ഷണങ്ങൾ, ഇവിടെ ശിവ, മന്ത്രമഹേശ്വര, മന്ത്രേശ്വര, മന്ത്രന്മാരായ വിദ്യാരൂപത്തിന്റേയും വിജ്ഞാനാകല, പ്രളയാകല, സകല ഇവരുടെ വേദ്യമായ അവിദ്യാരൂപത്തിന്റേയും തത്ത്വം മനസ്സിലായവർ അങ്ങയോടുള്ള ഭക്തിയാകുന്ന മഹാവിദ്യയെ പ്രാപിച്ചവരാണ്. ശബ്ദവിദ്യകളിൽ മറ്റുവിദ്യകളേക്കാൾ

1. തത്വവേദകത്വം എന്ന് ഒരു പാഠം.

അങ്ങയുടെ പരമമായ തത്ത്വം ബോധിപ്പിക്കുന്നത് ഭക്തിയാണ് എന്നു ള്ളതുകൊണ്ടാണ് മഹത്പദം ഉപയോഗിച്ചിരിക്കുന്നത്.

ശ്ലോകം 13

*ആമൂലാദാവാഗ്ലതാ സേയം ക്രമവിസ്താരശാലിനീ*
*ത്വദ്ഭക്തിസുധയാ സിക്താ തദ്രസാഢ്യഫലാസ്തു മേ.*

സാരം - പരാവാണിയിൽനിന്നും ഉദ്ഭവിച്ച് ശാലീനയായ ഈ ദേ വി വാഗ്ലത, പശ്യന്തീ മദ്ധ്യമാ വൈഖരീ രൂപിയായ ക്രമത്തിന്റെ പ്രസ രത്താൽ അങ്ങയോടുള്ള ഭക്തിയിൽ നനയ്ക്കപ്പെട്ട് എന്നിൽ ആ ഭക്ത്യാന ന്ദരസമാകുന്ന ഫലത്തെ ധാരാളമായി തരുന്നവളാകട്ടെ.

വ്യാഖ്യാനം - മൂലം - പരാഭൂമിഃ ക്രമവിസ്താരിത്വം - പശ്യന്ത്യാദി - പ്രസരഃ - തദ്രസോ - ഭക്ത്യാനന്ദരസ[2] ഏവ ആഢ്യം - സ്ഫീതം ത്വദാ ത്മൈക്യാപത്തിലക്ഷണം ഫലം യസ്യാഃ

പരിഭാഷ - പരാഭൂമിയിൽ പശ്യന്ത്യാദി (പശ്യന്തീ, മദ്ധ്യമാ, വൈ ഖരീ) കളുടെ പ്രസരത്താൽ ഭക്ത്യാനന്ദരസം ധാരാളമായി തരുന്നവളാ കട്ടെ. അതായത് അങ്ങയുടെ ആത്മാവിലേയ്ക്ക് ഐക്യപ്പെടുന്ന ലക്ഷണ ത്തോടുകൂടിയ ഫലം തരുന്നവളാകട്ടെ.

ശ്ലോകം 14

*ശിവോ ഭൂത്വാ യജേതേതി ഭക്തോ ഭൂത്വേതി കഥ്യതേ*
*ത്വമേവ ഹി വപുഃ സാരം ഭക്തൈരദ്വയശോധിതം*

സാരം - ശിവനായിക്കൊണ്ട് ശിവനെ പൂജിക്കണം എന്നു പറയു ന്നതുപോലെതന്നെ ഭക്തനായിക്കൊണ്ട് ശിവനെ പൂജിക്കണമെന്ന് ഭ ക്തന്മാരോട് പറയുന്നു. എന്തെന്നാൽ പാരമാർത്ഥിക സാരഭൂതസ്വരൂപ നായ അങ്ങ് ഭക്തന്മാർക്കായിക്കൊണ്ട് അദ്വയനായി നിർമ്മലനായി തീർന്നിരിക്കുന്നു.

വ്യാഖ്യാനം - 'ശിവോ ഭൂത്വാ ശിവം യജേത്' ഇതി യദാമ്നായേഷൂ ച്യതെ, തത്ര ദേഹപാത ഏവ ശിവതാ - ഇതി യെ മന്യന്തെ, തേഷാം സതി ദേഹേ ശിവീഭാവാഭാവാദ്യജമാനതാനുപപത്തേ, സ്വസ്വരൂപശി വസമാവേശഭക്തിശാലീ ഏവ യജനം ജാനാതീതി താത്പര്യം. അനേ നൈവാ ശയേനാഹ - ത്വമേവ യതഃ സാരം - ഉത്കൃഷ്ടം വപുഃ - സ്വരൂ

2. ഭക്ത്യാനന്ദരസഃ സ ഏവ എന്ന് ഒരു പാഠം.

പം അദ്വയേന - ഭേദശങ്കാശങ്കുശതശാതിനാ ശോധിതം - നിർമ്മലീകൃതം ഭക്തൈരിതി.

പരിഭാഷ - 'ശിവനായിക്കൊണ്ട് ശിവനെ പൂജിക്കണം' എന്ന് ആഗമങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. ഈ പറയുന്ന ആഗമങ്ങളിൽ ദേഹപാതം (മരണം) കൊണ്ടാണ് ശിവനാകുന്നത്. ഇങ്ങനെ ആരാണോ കണക്കാക്കുന്നത് അവരുടെ കാര്യത്തിൽ ദേഹം ഉള്ളപ്പോൾ ശിവഭാവവും യജമാനത്വവും ഇല്ല. അങ്ങനെ ഉള്ളതുകൊണ്ട് സ്വസ്വരൂപശിവസമാവേശ ഭക്തി ആർക്കാണോ ഉള്ളത് അവർക്കുതന്നെയാണ് പൂജ അറിയുന്നത്. നിന്നിൽ തന്നെയാണ് ഉത്കൃഷ്ടമായ ശരീരം. നിന്റെ സ്വരൂപം തന്നെയാണ് ഭക്തന്മാർക്കും. അതുകൊണ്ട് അവർ മലം ഇല്ലാത്തവരാണ്. ആ ഭക്തന്മാർ അദ്വയംകൊണ്ടുതന്നെ ഭേദശങ്കാശതം ഖണ്ഡിച്ച് നിർമ്മലീകരിച്ച് ശിവനായിത്തീർന്നിരിക്കുന്നു.

(തുടരും)

---

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (4)

(ശ്രീമദ്യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

(കഴിഞ്ഞലക്കം തുടർച്ച)

നന്വേക ഏവ സംവിത് സതത്ത്വഃ പ്രമാതാഭ്യുപഗതതനകരണ ഭുവനതാം സമാപന്നഃ സൻ സ ഏവ അനേകതാം യാത ഇതി ചേത് തർഹി തന്വാദി വിനാശേ സ ഏവ വിനഷ്ടഃ സ്യാത്തദുത്പത്താ വൈഷ ഏവ തദോത്പദ്യേത. ഏവം പ്രതിപ്രമാതൃ സ ഏവ ജായതേ/സ്തീത്യാദി ഷഡ്ഭാവ വികാരതയാ വ്യവച്ഛിദ്യതേ. പുണ്യപാപ സ്വഭാവകർമ്മവൈചിത്ര്യേണൈതസ്യൈവ ഭഗവതഃ സ്വർഗ്ഗനരകാദിഭോഗഃ പ്രാപ്ത ഇതി കഥമുച്യതേ സ്വസ്വരൂപ ഏവ ശിവ ഇതി. ദൃഷ്ടാന്തദ്വാരേണൈതദപി സമർത്ഥയതേ.

*7. ഗച്ഛതി ഗച്ഛതി ജല ഇവ*
*ഹിമകരബിംബം സ്ഥിതേ സ്ഥിതിം യാതി.*
*തനുകരണഭുവനവർഗ്ഗേ തഥാ/യമാത്മാമഹേശാനഃ.*

സാരം - ഇവിടെ നേരത്തേ പറയപ്പെട്ടതിൽനിന്നും ഒരു സംശയം ജനിക്കുന്നു. ഏകനായ സംവിത് സ്വരൂപം തന്നെ പല തരത്തിലുള്ള പ്രമാതൃപ്രമേയങ്ങളായി ശരീരേന്ദ്രിയ ഭുവനരൂപികളായി മാറിയെങ്കിൽ ആ രൂപങ്ങളുടെ നാശംകൊണ്ട് പരമമായ ശിവബോധത്തിന് നാശവും ഉത്പത്തികൊണ്ട് ഉത്പത്തിയും ഉണ്ടാകണമല്ലോ. അതുപോലെതന്നെ പ്രമാതൃസ്വരൂപത്തിൽ നിലകൊള്ളുമ്പോൾ ആറു ഭാവങ്ങളോട്ടുകൂടിയവ നാകുകയും കർമ്മവൈചിത്ര്യത്താൽ (പുണ്യപാപകർമ്മങ്ങളാൽ) സ്വർഗ്ഗനരകാദികളെ അനുഭവിക്കേണ്ടി വരുകയും ചെയ്യുന്നു. അങ്ങനെയിരിക്കുമ്പോൾ പരമശിവൻ സ്വസ്വരൂപത്തിൽത്തന്നെ സദാ നിലകൊള്ളുന്നുവെന്ന് എങ്ങനെ പറയും? ഈ സംശയത്തിന് ഉദാഹരണസഹിതം സമാധാനം നല്കുന്നു.

ഏതുപ്രകാരമാണോ ജലത്തിൽ പ്രതിബിംബിച്ചിരിക്കുന്ന ചന്ദ്രബിംബം ജലം ഇളകുമ്പോൾ ഇളകുകയും നിശ്ചലമാകുമ്പോൾ നിശ്ചലമാകുകയും ചെയ്യുന്നത്, അതേപ്രകാരം മഹേശ്വരൻ വൈവിധ്യങ്ങളായ ശരീരേന്ദ്രിയ ഭുവനങ്ങളിൽ പ്രതിഫലിക്കുക മാത്രമാണ് ചെയ്യുന്നത്.

വിവൃതി - യഥാ ജലപ്രവാഹേ യാതി സതി ഹിമകരബിംബം ചന്ദ്രവപുർവ്വസ്തുവൃത്തേനാകാശസ്ഥം സ്വയമചലത്താത്മകം ജലപ്രവാഹാന്തഃ പതിതമിതി തത് ഗച്ഛതി പ്രയാതി ഇവ തഥാ തസ്മിന്നേവ ക്ഷണേ/ന്യത്ര ജലാശയേ നിഃസ്തിമിതേ സതി തദേവ ഹിമകരബിംബം സ്ഥിതിം ഗച്ഛതീവേത്യുഭയഥാ സർവ്വപ്രമാതൃഭിരേതത്സംഭാവ്യതേ ന പുനഃ പരമാർത്ഥേന തത്തഥൈവ സ്യാത്. നാപി ജലഗതൗ ദേശകാലൗഭേദകതയാ ചന്ദ്രമസഃ സ്വരൂപം ഗഗനസ്ഥം പരാമൃശതഃ കേവലം ജലമേവ താദൃശമഥ ച തത് പ്രതിബിംബിതസ്യ ചന്ദ്രബിംബസ്യ ജലഗതചലത്താചലത്താദികോ ഭേദോ വ്യവഹ്രിയത ഇത്യേതാവതാ ഗംഗാജലഗതസ്യ കർദ്ദമപതിതസ്യ വാ ശശിനഃ സ്വസ്വരൂപതായാം ന കാചിത് ക്ഷതിഃ. തഥൈവായമാത്മാ ചൈതന്യ സ്വഭാവഃ സ്വയം നിർമ്മിതേ തനുകരണഭുവനസമൂഹേ പരിക്ഷീണേ സതി സമുത്പന്നേ വാ പ്രക്ഷീണഃ സമുത്പന്നശ്ചേതി മായാവ്യാമോഹിതാനാം വ്യവഹാരമാത്രമേതജ്ജലഗത ചന്ദ്രവന്ന പുനഃ.

സ്വാത്മാ ജായതേ മ്രിയതേ വേതി. ഗീതാസ്വേവമേവോക്തം.

ന ജായതേ മ്രിയതേ വാ കദാചിന്നായം
ഭൂത്വാ ഭവിതാ വാ ന ഭൂയഃ
അജോനിത്യഃ ശാശ്വതോऽയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ.

ഇതി

തസ്മാദയമാത്മാ മഹേശാനഃ സ്വതന്ത്രഃ സർവ്വസ്വാത്മപ്രത്യവമർശ സ്വഭാവഃ സർവ്വപ്രമാതൃണാമനുഭവിതൃതയാ പ്രഥമാനസ്തതസ്തത്തദവസ്ഥാ വിപ്രലോപേ സമുത്പത്തൗ വാ സ്വസ്വരൂപ ഏവ. ഏതദേവ ച ദുർഘട കാരി മഹേശാനത്വം സംവിത്തത്ത്വസ്യ യത്തഥാ തഥാ പശുപ്രമാതൃത യാ സ്വർഗ്ഗനരകാദി ഭോഗഭോക്താപി സർവ്വാനുഭവിതൃതയാ സ്വർഗ്ഗനര കാദി ഭോഗഭോക്താപി സർവ്വാനുഭവിതൃതയാ സംവിത് സ്വരൂപ ഏവ. പ്രത്യുത പുണ്യപാപസ്വർഗ്ഗനരക ക്ഷുത്പിപാസാദികോയോऽയം പശു ഭാവോ ബന്ധകതയാ നിയതഃ സ യദി ഭഘവതാ സ്വാത്മപ്രകാശേന പ്രകാശിതഃ പരാമൃഷ്ടശ്ച സ്യാത്തദായഥോക്താം സ്വാത്മനി സത്താം ല ഭതേऽന്യഥാ നിഃസ്വഭാവ ഏവൈഷ ഇതി കഥം സ്വാത്മനഃ തസ്യൈവ മഹേശസ്യ സ്വരൂപവിപ്രലോപായോച്യതേ. സർവ്വഥാ നിർമ്മിതമേവ വസ്തു സംഹാര്യം സമുത്പാദ്യം വാ ദേഹാദിരൂപം സ്യാന്ന പുനഃ നിത്യേ ഭഗവതി ചൈതന്യേ സമുത്പത്തിവിനാശൗ കദാചിദ്ഭവേതാം. തസ്മാ ദേക ഏവാത്മാ ഗ്രാഹ്യഗ്രാഹകതയാ നാനാരൂപസ്വഭാവഃ സൻ പുനര പി സർവ്വാനുഭവിതൃതയാ സർവ്വസ്യൈകതയാ പ്രഥത ഇതി ന കാചിദ ദ്വയവാദക്ഷതിഃ

പരിഭാഷ - എപ്രകാരമാണോ സ്വയം ആകാശത്തിൽ യാതൊരു ചലനവും കൂടാതെ സ്ഥിതിചെയ്യുന്ന ചന്ദ്രൻ ഒഴുകുന്ന ജലത്തിൽ പ്രതി ബിംബിക്കുമ്പോൾ ഒഴുകുന്നതായി അനുഭവപ്പെടുന്നത് അപ്രകാരം തന്നെ കുറച്ചകലെ ഒഴുകാത്തതായി സ്ഥിരമായി നിലകൊള്ളുന്ന ജലത്തിൽ അ നക്കമില്ലാത്തതായും കാണപ്പെടുകയും ചെയ്യുന്നു. ജലത്തിന് മാത്രമായി ബാധമായ ദേശകാലങ്ങൾ യാഥാർത്ഥ്യത്തിൽ ആകാശത്തിൽ നില കൊള്ളുന്ന ചന്ദ്രന്റെ സ്വരൂപത്തെ ഒരു രീതിയിലും ബാധിക്കാതെ, ജലം മാത്രമാണ് അതിൽ പ്രതിബിംബിക്കുന്ന ചന്ദ്രബിംബത്തിന്റെ അനക്ക ത്തെയും അനക്കമില്ലായ്മയെയും പ്രതിഫലിപ്പിക്കുന്നത്. അതിനാൽ പ്ര തിബിംബത്തിന്റെ ചലനവും സ്ഥിരതയും അത് ഗംഗാജലത്തിലായാലും

ചെളിവെള്ളത്തിലായാലും ചന്ദ്രനെ യാതൊരു രീതിയിലും ബാധിക്കുന്നില്ല. ഇതേ പ്രകാരം ചൈതന്യസ്വഭാവമുള്ള ഈ ആത്മാവ് അവനവനാൽ നിർമ്മിക്കപ്പെട്ട ശരീരേന്ദ്രിയ ഭുവനങ്ങളുടെ നാശത്താൽ നശിക്കുകയോ ഉത്പത്തിയിൽ ജനിക്കുകയോ ചെയ്യുന്നില്ല. ഭഗവദ്ഗീതയിൽ പറഞ്ഞിരിക്കുന്നതുപോലെ - 'ഈ ആത്മാവ് ജനിക്കുകയോ മരിക്കുകയോ ഉണ്ടായി ഇല്ലാതാകുകയോ ചെയ്യുന്നില്ല. ഒരിക്കലും ജനിക്കാത്തതും (അതിനാൽതന്നെ മരണം ഇല്ലാത്തതും) നിത്യവും ശാശ്വതവും ഏറ്റവും പുരാതനവുമായ ഈ വസ്തുത (ആത്മാവ്) ശരീരത്തിന്റെ നാശത്തോടുകൂടി നാശത്തെ പ്രാപിക്കുന്നില്ല.'

അതിനാൽ ഈ ആത്മാവ് സ്വതന്ത്രനും പ്രത്യവമർശസ്വഭാവത്തോടുകൂടിയതുമാണ്. (അവനവനെത്തന്നെ വേറൊന്നായിനിന്നുകൊണ്ടു കാണുന്നതാണ് പ്രത്യവമർശം) എല്ലാ പ്രമാതാക്കളിലും അനുഭവിതാവായി നിലനില്ക്കുന്നുണ്ടെങ്കിലും ആ പ്രമാതൃസ്വരൂപത്തിന്റെ നാശത്തിങ്കലും സ്വന്തം സ്വരൂപത്തിൽത്തന്നെ നിലകൊള്ളുന്നു. സംവിത്തായിരിക്കുന്ന ഈ തത്ത്വത്തിന്റെ അത്യന്തം ദുർഘടമായ സാമർത്ഥ്യം എന്തെന്നാൽ അത് പശുപ്രമാതാവായി സ്വർഗ്ഗനരകാദികളുടെ ഭോക്താവായിട്ടുകൂടി എല്ലാറ്റിലും പ്രമാതൃത്ത്വത്തോടുകൂടിയതായി സ്വസ്വരൂപം കൈവിടാതെത്തന്നെ നിലനില്ക്കുന്നു. മഹേശ്വരൻ തന്റെ സ്വരൂപത്തിൽ നില്ക്കുമ്പോൾ മാത്രമാണ് പുണ്യം-പാപം, സ്വർഗ്ഗം-നരകം, വിശപ്പ്-ദാഹം എന്നീ പശുപ്രമാതാവിനാൽ അനുഭവിക്കപ്പെടുന്നവ ഉണ്ടാകുന്നത്. അല്ലാത്തപക്ഷം ആ പശുപ്രമാതാവ് യാതൊരു സ്വഭാവത്തോടുംകൂടാത്തവനായി നിലനില്ക്കുന്നു. ഇങ്ങനെയിരിക്കെ പശുഭാവം എങ്ങനെയാണ് ശിവന്റെ യഥാർത്ഥസ്വരൂപത്തിന് നാശമായി ഭവിക്കുന്നത്? ഏതൊരു വസ്തുവാണോ എല്ലായ്പ്പോഴും നിർമ്മിക്കപ്പെടുന്നത്, അതിനുമാത്രമാണ് വിനാശം സംഭവിക്കുന്നത്. നിത്യമായ ഭഗവദ്ചൈതന്യത്തിന് ഉത്പത്തിയോ വിനാശമോ സംഭവിക്കുന്നില്ല. ഏകമായ ആത്മസ്വരൂപം ഗ്രാഹ്യഗ്രാഹകരൂപത്തിൽ വിവിധ സ്വഭാവങ്ങളോടുകൂടിയവയായിത്തീർന്നുകൊണ്ടുതന്നെ എല്ലാറ്റിനേയും അനുഭവിക്കുന്നവനായി ഏകസ്വരൂപമായിത്തന്നെ പ്രകാശിക്കുന്നു. ഇപ്രകാരം അദ്വയവാദത്തിന് യാതൊരു നാശവും സംഭവിക്കുന്നില്ല.

(തുടരും)

# മുദ്രകളുടെ സ്വകാര്യത വിഷ്ണുസംഹിതയിൽ

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

ഭാരതത്തിലാകമാനം പ്രശസ്തമായതും കേരളീയ ക്ഷേത്രതന്ത്രത്തിൽ ആഴമേറിയ സ്വാധീനം ചെലുത്തിയതുമായ ഒരു വൈഷ്ണവ തന്ത്രഗ്രന്ഥമാണ് വിഷ്ണുസംഹിത. ഈ ഗ്രന്ഥത്തിന് പുലിയന്നൂർ നാരായണൻ നമ്പൂതിരിപ്പാട് 'ഹാരിണി' എന്ന വ്യാഖ്യാനവും എഴുതിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിലെ ഏഴാം പടലം പ്രധാനമായും വൈഷ്ണവപൂജാവിധാനത്തിലെ മുദ്രകളെക്കുറിച്ച് പ്രതിപാദിക്കുന്നതാണ്. ഇവിടെ ഈ മുദ്രാപടലത്തിലെ ചില ശ്ലോകങ്ങളും അതിന്റെ ഹാരിണീവ്യാഖ്യാനവും ഒന്നു പരിശോധിക്കാം.

*... നാ/ന്യ സന്ദർശനേമുദ്രാ/നാനിമിത്തം ച ബന്ധയേത്*
*ഗുഹ്യമേതദ്ധി തന്ത്രേഷു തസ്മാത് രഹസി യോജയേത്*
*മുദം കർവ്വന്തി ദേവാനാം രാക്ഷസാൻ ദ്രാവയന്തി ച*
*ഇത്യേവം സർവ്വമുദ്രാണാം മുദ്രാത്വം താന്ത്രികാഃ വിദുഃ*
*പടാന്തേ ബന്ധയേത് മുദ്രാ ന ചാപി കഥയേദ് ബുധ*
*കഥനാജ്ജായതേ സ്രംസസ്തസ്മാദ് ഗോപ്യാ സദ ബുധൈ*

(വിഷ്ണുസംഹിത, പടലം 7, ശ്ലോകം 42-46)

സാരം - മുദ്ര വേറൊരാളെ കാണിക്കാനോ കാരണമില്ലാതെ പ്രയോഗിക്കാനോ പാടുള്ളതല്ല. തന്ത്രങ്ങളിൽ ഇത് വളരെ ഗോപ്യമായതാണ്. അതിനാൽ രഹസ്യമായിത്തന്നെ ഇത് ചെയ്യേണ്ടതാണ്. ദേവന്മാർക്ക് മോദം ഉണ്ടാക്കുകയും രാക്ഷസന്മാരെ ദ്രവിപ്പിക്കുകയും (നശിപ്പിക്കുക) ചെയ്യുന്നതിനാലാണ് മുദ്രക്ക് മുദ്രാത്ത്വം സിദ്ധിക്കുന്നത്. ഒരു തുണികൊണ്ടു മറച്ചുമാത്രമേ മുദ്ര പ്രദർശിപ്പിക്കാവൂ. ആരെയും അറിയിക്കാനും പാടില്ല. ഇതു പുറത്തു പറയുന്നത് പറയുന്നയാളുടെ പതനത്തിന് കാരണമാകുമെന്നതിനാൽ മുദ്ര എല്ലായ്പ്പോഴും ഗോപ്യമാക്കിത്തന്നെ വയ്ക്കേണ്ടതാണ്.

കിം ച മുദ്രാ അന്യ ദർശനേ ശിഷ്യാദിതരജന പ്രത്യക്ഷം ന ദർശയേത്. ശിഷ്യാർത്ഥാനം പൂജാം വാ നിവൃത്തീകൃത്യൈ വ ദർശയേത്. നാ/കാണ്ഡേ സ്തോഭശീലത്വേന ഗുഹ്യം ഹി യസ്മാദേതത് ഏതച്ഛബ്ദേന ന ദർശയേദിത്യത്ര ധാത്വർത്ഥ ഭൃതം ദർശനമുച്യതേ. പ്രയോഗ ഇത്യർത്ഥഃ. ഗുഹ്യം തന്ത്രേഷു രഹസ്യം തസ്മാത് രഹസ്യൈവ യോജയേത്. ശിഷ്യേണേത്യർത്ഥാത് ഉപദിഷ്ടാമുദ്രാമനേന സാധുഗൃഹീതാ വാ നവേതി ജ്ഞാതും പ്രയോജയേദിത്യർത്ഥഃ. നന്വേതാവതീമുദ്രായാഃ മഹത്തേ ...ത്രാഹ മുദമിതി, മുദം ദ്രാവയതീതി, അത്രാനിഷ്ടത്വാന്വയാ യോഗ്യതാ കർമ്മക്രിയാം ചാക്ഷിപതി കുരു... മുദം ദ്രാവയതി രാക്ഷസാദീനിതി യഥാപ്രവിശപിണ്ഡീമിതത്ര മുദ്രാണാം ദേവതാനന്ദകരത്വാത് രാക്ഷസോദ്വാസകത്വാത് രഹസ്യേവയോജയേദിത്യർത്ഥഃ. അന്യഥാ രഹസ്യപ്രകാശനാത് ദേവതാക്ഷോഭോ രാക്ഷസാദീനാം പൃഥോപദ്രവശ്ച സ്യാദിതി ഭാവഃ. അപി രഹസ്യാപി ന കഥയേത് ശിഷ്യഗ്രഹസ്തേന ബന്ധയേദേവ യഥാ കഥനാദ... രിണാം ദുഷ്ടാനാം ശ്രാവ്യത്വദോഷാനുബന്ധാത് സ്രംസ സ്രാവഃ സ്യാത് കിം ച രഹസ്യപി പടാന്ത ഏവ അന്തശ്ശബ്ദോ/ന്തർഭാഗവാചീ യഥാസ്വസ്യാന്തർഭാഗോ ഹൃദയം സ്വാന്തമിത്യുച്യതേ. ഗുരോഃ ശിഷ്യസ്യ ച മദ്ധ്യേ പടേനാവരണം കൃത്വാ തദന്തസ്ഥിതസ്യ ശിഷ്യസ്യ ഹസ്തം സ്വഹസ്തേന മുദ്രാരൂപം തസ്മൈ ദർശയേദിത്യർത്ഥഃ. അഥവാ യഥാ പ്രകാശേ ബന്ധയേത്തദാ പടാന്ത ഇതി വാ ഗുരുശിഷ്യയേരപീതരേതരസമക്ഷം മുദ്രാബന്ധോ ന കർത്തവ്യ ഇത്യഭിപ്രായഃ യഥാഹുഃ അക്ഷമാലാം ച മുദ്രാം ച ഗുരോരപി ന ദർശയേത് ഇതി...

(ഹാരിണി അപ്രകാശിത താളിയോലയിൽനിന്നും...)

സാരം - ബുദ്ധിയുള്ളവരാൽ (അല്പജ്ഞാനികളാലല്ല) ശിഷ്യന്മാരുടേതല്ലാതെ അന്യരുടെ മുന്നിൽ മുദ്രകൾ പ്രദർശിപ്പിക്കപ്പെടരുത്. ശിഷ്യന്മാർക്കും പൂജാനന്തരം മാത്രമല്ലാതെ അനവസരത്തിൽ കാണിക്കുന്നത് നിന്ദയ്ക്ക് തുല്ല്യമാണെന്നതിനാൽ ഇവിടെ ദർശനം എന്ന പദം അതിന്റെ ധാത്വർത്ഥത്തിൽ കണക്കാക്കേണ്ടതാണ്. ദർശനം എന്നതിന് പ്രയോഗമെന്നർത്ഥം. തന്ത്രങ്ങളിൽ ഇത് ഗുഹ്യമായതിനാൽ ഇത് രഹസ്യമായിത്തന്നെ കാണിക്കണം. അതും ശിഷ്യന് ഉപദേശിച്ചതിനുശേഷം അതു ശരിയായി മനസ്സിലാക്കിയില്ലേ എന്നത് പരിശോധിക്കാൻവേണ്ടി മാത്രം. ഇനി മുദ്രയുടെ മഹത്ത്വത്തെപ്പറ്റി പറയുന്നു. ദേവതകളുടെ ആനന്ദത്തിനും രാക്ഷസന്മാരുടെ നാശത്തിനും കാരണമാണ് മുദ്ര. അത്

രഹസ്യമാക്കിത്തന്നെ പ്രയോഗിക്കേണ്ടതാണ്. അങ്ങനെ അല്ലാതെ പരസ്യമാക്കിയാൽ അത് ദേവതാക്ഷോഭത്തിനും രാക്ഷസന്മാരുടെ വൃഥാ ഉപദ്രവത്തിനും കാരണമായി ഭവിക്കും. ഇനി രഹസ്യമായിട്ടും ചെയ്യേണ്ടതെങ്ങനെയെന്നു പറയുന്നു. അയോഗ്യരായ ദുഷ്ടരാൽ ഇത് കേൾക്കാനിടയായാൽ പതനം സംഭവിക്കുന്നുവെന്നതിനാൽ ഒരു മറയോടുകൂടി മാത്രമേ ഇതു പ്രദർശിപ്പിക്കാവൂ. അതിന് ഗുരുവിനും ശിഷ്യനും നടുവിൽ ഒരു വസ്ത്രംകൊണ്ടു മറച്ച് അതിനടിയിലൂടെ ഗുരു ശിഷ്യന്റെ കൈപിടിച്ച് മുദ്രാരൂപത്തിലാക്കി ശിഷ്യനെ കാണിക്കുക. ഇനി വെളിച്ചമുള്ളിടത്തു വച്ചു കാണിക്കാനാണെങ്കിലും ഒരു തുണികൊണ്ടു മറച്ചു മാത്രമേ ചെയ്യാവൂ. ഗുരുശിഷ്യന്മാർ തമ്മിൽത്തമ്മിൽ പ്രത്യക്ഷത്തിൽ മുദ്ര പ്രദർശിപ്പിക്കാൻ പാടുള്ളതല്ല. 'അക്ഷമാല (ജപമാല)യും മുദ്രയും ഗുരുവിനെപ്പോലും കാണിക്കരുത്' എന്നൊരു പ്രമാണമുണ്ട്.

ഇവിടെ മുദ്രകളുടെ രഹസ്യപ്രയോഗത്തെ അത്യന്തം നിഷ്കർഷിച്ചിരിക്കുന്നു. ഗുരുവിന്റെ മുമ്പിൽപ്പോലും മുദ്രകൾ പ്രദർശിപ്പിക്കരുതെന്ന ശാസ്ത്രശാസന അദ്ധ്യാത്മികപാതയുടെ സ്വകാര്യതയെയും രഹസ്യാത്മകതയെയും വിളിച്ചോതുന്നതാണ്. ഇതുപോലെ പല ഗ്രന്ഥങ്ങളിലും ആഗമശാസ്ത്രത്തിലെ വിവിധ സാങ്കേതികജ്ഞാനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ഗോപ്യമാക്കിത്തന്നെ വയ്ക്കാൻ നിർബ്ബന്ധിക്കുന്ന പ്രമാണങ്ങൾ കാണാവുന്നതാണ്. ഇവയെ ലംഘിക്കുന്നതിലൂടെ ഈശ്വരസാക്ഷാത്കാരത്തിനായി മഹർഷീശ്വരന്മാരാൽ വെളിപ്പെടുത്തപ്പെട്ട ശക്തങ്ങളും ഫലപ്രദങ്ങളുമായ ഉപായങ്ങൾ അയോഗ്യരും അനർഹരുമായ മനുഷ്യരുടെ കയ്യിൽ ചെന്നുപെടുകയും (ഇവിടെ യോഗ്യതയുടെയും അർഹതയുടെയും മാനദണ്ഡമായി ജാതിയെയല്ല ഉദ്ദേശിച്ചിരിക്കുന്നത്) തദ്വാരാ ഈ മഹാശാസ്ത്രം ബലഹീനമായിത്തീരുകയും ചെയ്യുമെന്നറിയാമായിരുന്ന ക്രാന്തദർശികളാണ് ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ വയ്ക്കുകയും അവയെ പരിപാലിച്ചു പോരുകയും ചെയ്തിരുന്നത്. സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും തങ്ങളെ ഏതുവിധേനയും മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കുവാനും അതുവഴി ശ്രദ്ധനേടാനും വെമ്പുന്ന മനുഷ്യരുള്ള ഇക്കാലഘട്ടത്തിൽ മേൽപ്പറഞ്ഞ എല്ലാ മഹർഷീനിർദ്ദേശങ്ങളും ഛിന്നഭിന്നമായിത്തീർന്നിരിയ്ക്കുന്നു. തങ്ങളുടെ ഉപാസനാമന്ത്രം, സാധനാസമ്പ്രദായം, ദീക്ഷാനാമം തുടങ്ങി അതീവ രഹസ്യങ്ങളാക്കി വയ്ക്കാൻ ശാസ്ത്രം നിർദ്ദേശിച്ചിരിയ്ക്കുന്ന എല്ലാറ്റിനേയും പരസ്യപ്പെടുത്തി 'ആളാവാൻ' ശ്രമിക്കുന്നവർക്ക് ആ

സാധനാപഥത്തിലെ ലക്ഷ്യം ഇനി വിദൂരമാണെന്നത് നിസ്സംശയം ഉറപ്പിക്കാവുന്നതാണ്. പരസ്യമാക്കപ്പെട്ട ഈ മാർഗ്ഗങ്ങളെക്കൊണ്ട് മഹർഷീശ്വരന്മാർ ഉദ്ദേശിച്ച ഫലം ലഭിക്കുമോ എന്നത് കണ്ടുതന്നെ അറിയേണ്ടതാണ്.

---

# ലളിതാസഹസ്രനാമം (26)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

ഭവാരണ്യകുഠാരികാ = ഭവം എന്ന ആരണ്യത്തിന് കോടാലിയായിട്ടുള്ളവൾ

ഭവമെന്നാൽ ഈ ലോകം (സംസാരം). അത് ഒരു വൻകാടാണ്. ആ കാട്ടിൽ അനവധി ബന്ധങ്ങളാകുന്ന (relationship) മരങ്ങളുണ്ടല്ലോ. അവ എല്ലാറ്റിനും കോടാലിയായവൾ. ബന്ധങ്ങളാകുന്ന മരങ്ങളെയെല്ലാം വെട്ടിവീഴ്ത്തുന്നത് വേദനാജനകമായിട്ടല്ല. മറിച്ച് അവയുടെ വ്യത്യസ്ത (ഭേദം) ഇല്ലാതാക്കിത്തീർത്തുകൊണ്ടാണ്. എല്ലാറ്റിനേയും ഒന്നാക്കിത്തീർക്കുന്നവളാണ് ദേവി.

ഭദ്രപ്രിയാ = മംഗളകാര്യങ്ങളിൽ താല്പര്യമുള്ളവൾ

മംഗളകാര്യങ്ങൾ നടത്തുന്നവരെ അനുഗ്രഹിക്കുന്നവളാണ് ദേവി. ആര് എവിടെ മംഗളകാര്യങ്ങൾ നടത്തിയാലും ദേവി അനുഗ്രഹിക്കും.

ഭദ്രമെന്നത് മേരുദണ്ഡിനെ കുറിക്കുന്നു. മേരുദണ്ഡ് സാധകന്റെ നട്ടെല്ലാണ്. നട്ടെല്ലിന് അകത്തുള്ള സഞ്ചാരം ഇഷ്ടമായിട്ടുള്ളവളെന്നും അർത്ഥമുണ്ട് ഭദ്രപ്രിയാ എന്ന നാമത്തിന്.

ഭദ്രമെന്നത് ഏറ്റവും ശ്രേഷ്ഠമായ ആനകളെയും കുറിക്കുന്നു. ആനകളുടെ കൂട്ടത്തിൽവച്ച് ഏറ്റവും ഉയർന്ന തരത്തിൽപ്പെടുന്നതാണ് ഭദ്രം. ആന, മനസ്സിനെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട് മനസ്സുകളുടെ കൂട്ടത്തിൽ ഉയർന്ന മനസ്സുള്ളവരിൽ പ്രിയയായവളാണ് ദേവി. അതുകൊണ്ട് ദേവിയെ ഭദ്രപ്രിയാ എന്നു വിളിക്കുന്നു.

ഭദ്രൻ ശിവനാണ്. ആയതിനാൽ ശിവന് പ്രിയങ്കരിയായിട്ടുള്ളവൾ

ഭദ്രപ്രിയാ.

ഭദ്രമൂർത്തി = ഭദ്രം മൂർത്തിയായിട്ടുള്ളവൾ. ഭദ്രമെന്നാൽ മംഗളമെന്നതിനാൽ മംഗളകാര്യമായി രൂപംപൂണ്ടവൾ. ദേവി മംഗളകാര്യം തന്നെയാണ്. മംഗളകാര്യം ദേവിയല്ലാതെ മറ്റൊന്നല്ല.

ഭദ്രകാളിയായി അവതരിച്ചവൾ എന്നും അർത്ഥം ഉണ്ട്. അഞ്ച് തരത്തിലുള്ള ഭദ്രകാളിമാരായി അവതരിച്ചവൾ

ഭാരതത്തിൽ അഞ്ചു തരത്തിലുള്ള ഭദ്രകാളിമാരെ ആരാധിക്കുന്നുണ്ട്. ഒന്ന്, ദക്ഷപ്രജാപതിയെ നശിപ്പിയ്ക്കാനായി ശിവന്റെ ജടയിൽനിന്നും ഉണ്ടായ ദക്ഷജിത്ത്. രണ്ട്, രണ്ടാം യുഗത്തിലുണ്ടായ മഹിഷാസുരനെ വധിയ്ക്കാനായി ജനിച്ച ഭദ്രകാളി മഹിഷജിത്ത്. മൂന്ന്, ദാരികാസുരനെ വധിയ്ക്കാനായി ശിവന്റെ തൃക്കണ്ണിൽനിന്ന് ജനിച്ചവളായ ഭദ്രകാളി ദാരികജിത്ത്. നാല്, രുരു എന്ന അസുരനെ വധിയ്ക്കാനായി രൗദ്രീ എന്ന ദേവിയുടെ ധാർമ്മികരോഷത്താൽ ദേവിയുടെ ഇരുണ്ട മുഖത്തുനിന്നു ജനിച്ച ഭദ്രകാളി രുരുജിത്ത്. അഞ്ച്, ബംഗാളിൽ പ്രസിദ്ധയായിട്ടുള്ളവളും ശിവനെ ചവിട്ടിക്കൊണ്ട് വിശന്നൊട്ടിയ വയറോടുകൂടി മുടി മുകളിലേയ്ക്ക് എഴുന്ന് തുറുകണ്ണുകളുമായി നില്ക്കുന്ന ദക്ഷിണകാളി എന്നു വിളിക്കുന്ന ഭദ്രകാളി.

ഈ അഞ്ചു തരത്തിലുള്ള ഭദ്രകാളി സങ്കല്പത്തെയും ഈ ഭദ്രമൂർത്തി എന്ന നാമംകൊണ്ട് പറയുന്നു.

(തുടരും)

ഈ ലക്കം മുതൽ
വരിസംഖ്യ
സൗജന്യമാക്കിയിരിക്കുന്നു.





Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash